VACHANOLSAVAM Vol - 41 | Issue 346 | JULY 2026 | Monthly | Price ₹ 12 | Edappally


വചനോത്സവം

ജൂലൈ 2026



കെട്ടുപോകാത്ത വിശ്വാസക്കനൽ 5

പുതിയ പംക്തി
കൊട്ടിക്കലാശം 34



ഉള്ളടക്കം

3 തുടക്കം
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

5 കെട്ടുപോകാത്ത വിശ്വാസക്കനൽ
ഫാ. ഷിന്റോ മംഗലത്ത് വി.സി.

10 നന്മ പ്രവർത്തിയല്ല വ്യക്തിയാണ്
ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

13 തൊഴിലിന്റെ മാഹാത്മ്യം
തങ്കച്ചൻ തുണ്ടിയിൽ

15 വഴിമാറിക്കൊടുക്കാം, ക്രിസ്തുവിലേക്ക്...
ബ്രദർ ക്രിസ്റ്റോ തെക്കൻ വി.സി.


17 തേൻമൊഴി
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

21 അത്ഭുതസാക്ഷ്യങ്ങൾ

29 വിശുദ്ധ ഇഗ്നേഷ്യസ് ലയോള
ജോയ് പൈനാടത്ത്

31 ബാലവചനോത്സവം
അനു ഫ്രാൻസിസ്













വചനോത്സവം തപാലിൽ ലഭിക്കാൻ

QR code സ്കാൻ ചെയ്ത് 140 രൂപ അടച്ച് സ്ക്രീൻ ഷോട്ടും അഡ്രസ്സും 9447696622 എന്ന നമ്പറിലേക്ക് അയച്ചാൽ വചനോത്സവം ഒരു വർഷം തപാലിൽ ലഭിക്കും.

തുടക്കം

പ്രിയ വായനക്കാരെ,
വചനോത്സവത്തിൽ നിന്നും സ്നേഹാഭിവാദ്യങ്ങൾ!
കഴിഞ്ഞ മൂന്നു വർഷങ്ങൾ നമുക്ക് മനോഹര വിഭവങ്ങൾ ഒരുക്കിത്തന്നിരുന്ന ബഹുമാനപ്പെട്ട മാർട്ടിൻ ചിറ്റടിയിൽ അച്ചൻ ഇംഗ്ലണ്ടിലെ റാംസ്ഗേറ്റ് എന്ന സ്ഥലത്തെ ധ്യാനകേന്ദ്രത്തിലേക്ക് സ്ഥലം മാറി പോവുകയാണ്. അച്ചന് വചനോത്സവത്തിന്റെ ഭാവുകങ്ങൾ നേരുന്നു, പ്രാർത്ഥന ആശംസിക്കുന്നു.
കുറച്ചു പുതുമകളോടെയാണ് ഈ ലക്കം വചനോത്സവം നിങ്ങളുടെ കയ്യിലെത്തുന്നത്. കവർ പേജിൽ പറഞ്ഞിരിക്കുന്നത് പോലെ പുതിയൊരു പംക്തി 'കൊട്ടിക്കലാശം' എന്ന പേരിൽ നമ്മൾ ആരംഭിക്കുന്നു. ചില പ്രസിദ്ധീകരണങ്ങൾ, പലരും മുപ്പതും നാല്പ്പതും രൂപയൊക്കെ കൊടുത്തു വാങ്ങുന്നത് പലപ്പോഴും അതിലെ ഒരു പേജിന് വേണ്ടിയാണ്. അത്ര മൂല്യവത്തായ എന്തെങ്കിലും അതിലുണ്ടാവും എന്നതിനാലാണത്. വചനോത്സവത്തിനായി കൊടുത്ത കാശ് മുതലാക്കാൻ കൊട്ടിക്കലാശം മതി എന്ന നിലയിൽ ആ പേജ് നമുക്ക് മനോഹരമാക്കണം. ഏത് വിഭാഗത്തിലുംപെട്ട വായനക്കാർക്ക് ചുരുങ്ങിയ വായനയിൽ വളരെ വിലപ്പെട്ടതെന്തെങ്കിലും കിട്ടണം എന്ന ഉദ്ദേശത്തോടെയാണത്.
വളരെ പ്രചോദനാത്മകമായ കഥയോ സംഭവമോ അനുഭവമോ അങ്ങനെ എന്തെങ്കിലും കൊണ്ട് അത് മനോഹരമായിരിക്കും. മാത്രമല്ല, വചനോത്സവ വിതരണത്തിലൂടെ അവഹേളിതരാകുന്ന പലരുമുണ്ടെന്നറിയാം, അവർക്ക് 'കൊട്ടിക്കലാശമെങ്കിലും വായിക്കൂ' എന്ന് പറഞ്ഞ് അഭിമാനത്തോടെ വചനോത്സവം ആർക്കും കൊടുക്കാൻ പാകത്തിന് അത് സ്വീകാര്യമായിരിക്കും എന്ന് ഉറപ്പ് തരുന്നു. അതിലേക്ക് മാന്യ വായനക്കാരുടെയും വിതരണക്കാരുടെയും നിർദ്ദേശങ്ങളും അഭ്യർത്ഥിക്കുന്നു.
മറ്റൊരു പ്രത്യേകത ഈ താളുമറിച്ചാൽ കാണുന്ന പ്രാർത്ഥനയാണ്. ഏത് നല്ല കാര്യവും ഒരു പ്രാർത്ഥനയോടെ ആരംഭിക്കുന്നത് നമ്മുടെ പാരമ്പര്യമാണല്ലോ, വചനോത്സവവായനയും അങ്ങനെ ആവട്ടെ എന്ന് കരുതി. പ്രാർത്ഥനാപൂർവ്വം നമുക്ക് വചനോത്സവം വായിക്കുകയും നല്ല ഉൾക്കാഴ്ചകൾ സ്വീകരിക്കുകയും ദൈവാനുഗ്രഹം പ്രാപിക്കുകയും ചെയ്യാം.
ഒപ്പം കൂടുതൽ പുതുമയും വൈവിധ്യവും ഉള്ള വിഭവങ്ങൾക്കായി കാത്തിരിക്കാം. ഒരു കാര്യം ആവർത്തിച്ചു പറയട്ടെ, വായനക്കാരുടെ അഭിപ്രായം കൂടി കണക്കിലെടുത്തായിരിക്കും എല്ലാം തയ്യാറാക്കുന്നത്. അതിനാൽ നിർദ്ദേശങ്ങൾ അറിയിക്കാൻ മറക്കരുത്.
ഈ കുറിപ്പ് പൂർത്തിയാകുന്നത് കൊട്ടിക്കലാശം കൂടി വായിച്ചു കഴിയുമ്പോഴാണ് എന്ന കാര്യം മറക്കല്ലേ.



ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.
ചീഫ് എഡിറ്റർ



പ്രാർത്ഥന

യേശുവേ ഈ പ്രസിദ്ധീകരണം എനിക്ക് വായിക്കാൻ കിട്ടിയതിനാൽ ഞാൻ അങ്ങേക്ക് നന്ദി പറയുന്നു. മനുഷ്യകരങ്ങളിലൂടെയാണ് ലഭിച്ച തെങ്കിലും അങ്ങു തന്നെയാണ് എനിക്കിത് തന്നയച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് ആശ്വാസവും പ്രത്യാശയും പല സംശയങ്ങൾക്കും മറുപടിയും അങ്ങിതിൽ ഒരുക്കി വച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. ഇത് വായിക്കുന്നത് എനിക്ക് ആത്മീയ ഉണർവ്വിനും കുറച്ചുകൂടി അങ്ങയെ സ്നേഹിക്കാനുള്ള പ്രചോദനത്തിനും കാരണ മാകേണമേ.

ഇതിൽ അങ്ങ് എനിക്കായി കരുതിവച്ചിട്ടുള്ള സന്ദേശം വായിച്ചെടുക്കാൻ അങ്ങയുടെ പരി ശുദ്ധാത്മാവിനാൽ എന്നെ സഹായിക്കേണമേ. ഇതിലെ സാക്ഷ്യങ്ങൾ ജീവിത പ്രതിസന്ധികളിൽ എനിക്ക് അങ്ങയിൽ മാത്രം ആശ്രയിക്കാനും പരിഹാരം കണ്ടെത്താനും ഇടയാക്കുന്ന താകേണമേ. അനേകർക്ക് ദൈവസ്നേഹവും പ്രത്യാശയും അവ്യക്തതകളിൽ വെളിച്ചവും ലഭിക്കാൻ ഉതകുന്ന വിഭവങ്ങൾ ഇതിൽ ഉൾപ്പെടു ത്താൻ ഇത് തയ്യാറാക്കുന്നവരെ അനുഗ്രഹിക്കേ ണമേ.

മഹത്തായ സുവിശേഷ വേലയായ വചനോ ത്സവവിതരണത്തിലേക്ക് അനേകരെ കൂട്ടിക്കൊണ്ട് വരേണമേ. അതിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ പ്രതിസന്ധികളിൽ കൂടെ നിൽക്കു കയും പ്രാർത്ഥനകൾ സാധിച്ചു കൊടുക്കുകയും ചെയ്യേണമേ. ധാരാളം ഉദാരമതികളായ ഉപ കാരികളെ കൊടുത്ത് ഈ പ്രസ്ഥാനത്തെ നിലനിർ ത്തുകയും ചെയ്യേണമേ. ആമ്മേൻ.

വചനോത്സവം

വിൻസെൻഷ്യൻ വചനപ്രഘോഷണ പ്രസിദ്ധീകരണം

VOL-41/ ISSUE 346 ₹ 12.00 ജൂലൈ 2026

പോട്ട - 680 722, ചാലക്കുടി,
തൃശൂർ, കേരള

9496862640, 9447696622
0480-2708314, 0480-2706984

managervachanolsavam@gmail.com
editorvachanolsavam@gmail.com
www.vachanolsavam.com

രക്ഷാധികാരി
റവ. ഡോ. പോൾ പുതുവ വി.സി.

ആത്മീയ നിയന്താവ്
ഫാ. മാത്യു നായ്ക്കംപറമ്പിൽ വി.സി.

ജനറൽ മാനേജർ
ഫാ. ജോസഫ് കൈപ്പടകുന്നേൽ വി.സി.

മാനേജിംഗ് എഡിറ്റർ
ഫാ. തോമസ് മംഗലത്ത് വി.സി.

ചീഫ് എഡിറ്റർ
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

എഡിറ്റർ
ഫാ. ജോസഫ് എടാട്ട് വി.സി.

മാനേജർ
ഫാ. പ്രിൻസ് മാഞ്ഞൂരാൻ വി.സി.

സർക്കുലേഷൻ മാനേജർ
ഫാ. ജോർജ് പനയ്ക്കൽ വി.സി.

വരിസംഖ്യ നിരക്കുകൾ

ഒറ്റപ്രതി	₹ 12
ഒരു വർഷത്തേക്ക്	₹ 140
3 വർഷത്തേക്ക് (ഇന്ത്യയിൽ മാത്രം)	₹ 420
വിദേശത്തേക്ക് (ഒരുവർഷം)	₹ 1500

10 മുതൽ 49 വരെയുള്ള കോപ്പികൾക്ക് 11 രൂപ
50 നു മുകളിൽ 10 രൂപ മാത്രം

മാസിക സംബന്ധമായ ഇടപാടുകളും
അന്വേഷണങ്ങളും ഓഫീസ് സമയത്ത്
(9.30 am-12.30 pm & 1.30 pm - 4.00 pm)
മാത്രമായിരിക്കും

സുവിശേഷത്തിന്റെ സന്തോഷവുമായി
പ്രസിദ്ധീകരണത്തിന്റെ
41 – ാം വർഷത്തിൽ



കെട്ടുപോകാത്ത വിശ്വാസക്കനൽ

ഫാ. ഷിന്റോ മംഗലത്ത് വി.സി.



ദൈവസ്നേഹാനുഭവത്തിന്റെ തീവ്രത അനുഭവിച്ചറിഞ്ഞ വലിയ വിശുദ്ധയായ അമ്മ ത്രേസ്യ തന്റെ ആത്മീയ ജീവിത വഴികളെക്കുറിച്ചൊരു ഉപമ പറയുന്നുണ്ട്. ആഴമുള്ള കിണറിൽനിന്ന് കപ്പിയും കയറുമുപയോഗിച്ച് വെള്ളം കോരി ഒരു പൂന്തോട്ടം നനച്ചു പരിപാലിക്കുന്നതുപോലെയാണ് തന്റെ ആത്മീയ വളർച്ചയുടെ നാൾവഴികളെന്നാണ് ആ വിശുദ്ധ എഴുതുന്നത്. എത്രയോ വട്ടം വെള്ളം കോരണം, എത്രയോ വട്ടം നടക്കണം. എല്ലാ ദിവസങ്ങളിലും അതാവർത്തിക്കണം. വിശ്വാസത്തിൽ ആഴപ്പെടുന്നതും ഇത്തരം നിരന്തരമായ പരിശ്രമങ്ങളിലൂടെയും സ്വയം സമർപ്പണത്തിലൂടെയുമാണ്. സംശയിക്കുന്ന തോമയെന്നും തീക്ഷ്ണമതിയായ തോമയെന്നുമൊക്കെ വിളിക്കപ്പെടുന്ന വി. തോമാശ്ലീഹയുടെ ഓർമ്മയോട് ചേർന്നുള്ള ഏറ്റവും യോജ്യമായ ധ്യാന വിചാരം വിശ്വാസജീവിത പരിസരങ്ങൾ തന്നെയാവും.

അന്വേഷിച്ചു കണ്ടെത്തുവിൻ

തന്നെ അനുഗമിക്കാൻ ആഗ്രഹിച്ചു പിന്നാലെ എത്തിയ രണ്ടു പേരോട് ഈശോ ചോദിച്ചു: നിങ്ങൾ എന്തന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബീ - ഗുരു എന്നാണ് ഇതിനർത്ഥം. അങ്ങ് എവിടെയാണ് വസിക്കുന്നത്? അവൻ പറഞ്ഞു: വന്നു കാണുക (യോഹ 1:38-39). സംശയങ്ങൾ അന്വേഷണത്തിലേക്കും



അത് കണ്ടെത്തലുകളിലേക്കും നയിക്കും. ഗൗരവത്തിൽ ഒരു വിഷയത്തെ പരിഗണിക്കുമ്പോഴാണ് സംശയങ്ങൾ ഉടലെടുക്കുന്നത്. ഈശോ പിതാവിലേക്കുള്ള വഴിയെക്കുറിച്ച് ശിഷ്യന്മാരോട് സംവദിക്കുന്ന രംഗമുണ്ട്. ഗുരുവിന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ടിരിക്കുന്ന ശിഷ്യന്മാർ. തോമസ് കേൾക്കുന്ന കാര്യങ്ങളിൽ മനസ്സർപ്പിച്ചാണ് ഇരിക്കുന്നത്. തനിക്ക് വ്യക്തമാകാത്ത ഘട്ടമെത്തുമ്പോൾ എത്ര സത്യസന്ധമായിട്ടാണ് അദ്ദേഹം ചോദ്യമുയർത്തുന്നത്. കർത്താവേ നീ എവിടേക്കു പോകുന്നെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? (യോഹ 14:5). ഈശോയുടെ ഉത്ഥാനശേഷമുള്ള സംശയവും ആത്മാർത്ഥമായ ദൈവാന്വേഷണത്തിന്റെ അടയാളമായി എണ്ണാവുന്നതാണ്. തനിക്ക് മനസ്സിലാവാത്ത വിഷയങ്ങളെ തുറന്ന മനസ്സോടെ കാണുകയും വ്യക്തത വരുത്തുകയും ചെയ്യുകയാണ് തോമസ്. അർദ്ധമനസ്സോടെയുള്ള വിശ്വാസത്തിൽ തൃപ്തിപ്പെടുന്നവർക്കല്ല സംശയങ്ങൾ ഉണ്ടാവുന്നത്, മുഴുഹൃദയത്തോടെ അവിടുത്തെ അന്വേഷിക്കുന്നവർക്കാണ്.

അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം (1 പത്രോ. 1:7). നമ്മുടെ വിശ്വാസജീവിത വഴികൾക്ക് ഉയർച്ച താഴ്ചകളുണ്ടെന്നതാണ് ഒന്നാമത്തെ പാഠം. സംശയങ്ങൾ തീക്ഷ്ണമായ അന്വേഷണത്തിലേക്കും ദൈവിക രഹസ്യങ്ങളുടെ നിധികളെ കണ്ടെത്തുന്നതിലേക്കും നയിക്കണം. വിശ്വാസം ദുർബലമാകുമ്പോൾ നമ്മെ വഴിതിരിച്ചു വിടാൻ കാത്തിരിക്കുന്ന അനേകം സാഹചര്യങ്ങളുണ്ടെന്നത് മറക്കാതിരിക്കാം. തോമാശ്ലീഹാ സംശയവും പിടിവാശിയും ഉയർത്തുന്നത് ഗുരുവിന് നേരെയാണ്. നമ്മുടെ സംശയനിമിഷങ്ങളിൽ തിരുവചനവും ഉത്തമമായ ആത്മീയ പിതാക്കളും വഴി കാട്ടട്ടെ. അവിടുന്ന് എന്റെ വലത്തുകൈ ഗ്രഹിച്ചിരിക്കുന്നു. ഉപദേശം തന്ന് അവിടുന്ന് എന്നെ നയിക്കുന്നു (സങ്കീ. 73:23-24).

ഹൃദയം നുറുങ്ങിയവർക്കു കർത്താവ് സമീപസ്ഥനാണ്;
മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു (സങ്കീ 34:18)

ഞാൻ അവിടുത്തെ നാമം ഏറ്റുപറയും

ആത്മീയ അന്വേഷണത്തിനൊടുവിൽ ഉത്ഥിതൻ മുമ്പിലെത്തുമ്പോൾ തോമസ് അതിതീക്ഷ്ണമായൊരു വിശ്വാസപ്രഖ്യാപനം നടത്തുന്നു എന്റെ കർത്താവേ എന്റെ ദൈവമേ (യോഹ 20:28). ഗുരുവിനെ സ്പർശിച്ചു ബോധ്യപ്പെടേണ്ടതില്ല, മുറിപ്പാടിൽ കരം വെക്കേണ്ടതില്ല. ആ വിശ്വാസപ്രഖ്യാപനം അധരത്തിൽനിന്നല്ല, അവന്റെ ഹൃദയത്തിൽ നിന്നാണ് ഉരുവെടുക്കുന്നത്.

വിശ്വാസം ആഴപ്പെടുന്നത് യേശുവിനെ അറിഞ്ഞ് ആ സ്നേഹത്തെ ഏറ്റുപറയുമ്പോഴാണ്. വെറും വാക്കുകൾ മാത്രമായി ഒതുങ്ങുന്ന സുവിശേഷപ്രഘോഷണങ്ങൾ കാറ്റിൽ അലിഞ്ഞുപോകും. എന്നാൽ വ്യക്തിപരമായ ദൈവാനുഭവത്തിൽ നിറഞ്ഞ് ആത്മാവിന്റെ പ്രേരണയിൽ നടത്തുന്ന സുവിശേഷ പ്രഘോഷണങ്ങൾ പല മടങ്ങ് ഫലം ചൂടും. യേശുവിനെക്കുറിച്ച് സംസാരിക്കരുതെന്ന് കർക്കശമായി വിലക്കുന്ന അധികാരികളോട് പത്രോസും യോഹന്നാനും മറുപടി പറയുന്നത് ശ്രദ്ധിക്കുക. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധിക്കുകയില്ല (അപ്പ.പ്ര. 4:20). ഇനിമേൽ അവരെ ഭയപ്പെടില്ല, ഓടിപ്പോകില്ല, തള്ളിപ്പറയില്ല. തങ്ങളുടെ ബോധ്യങ്ങൾ സംശയത്തിനിടയില്ലാതെ മലമുകളിൽ പ്രഘോഷിക്കും. വിശ്വാസം പ്രഘോഷണത്തിലൂടെ പങ്കുവയ്ക്കപ്പെടും. പ്രഘോഷണം വെറും വാക്കുകളുടെ മുഴക്കമാകാതിരിക്കാൻ ശ്രദ്ധിക്കണം.

വാക്കുകൾക്ക് ജീവനുണ്ട്, വിശ്വാസത്തിനും

എല്ലാമുപേക്ഷിച്ചാണ് ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചിറങ്ങിയത്. നന്നായി തുടങ്ങിയ ഗുരുവിന്റെ പരസ്യജീവിതം പതുക്കെ സംഘർഷാത്മകമാക്കുന്നു. മരണം മണക്കുന്ന വഴികളിലേക്ക് നയിക്കുന്ന ശത്രുത യഹൂദ നേതാക്കന്മാർക്ക് ഈശോയോട് ഉണ്ടാകുന്നു. കല്ലെറിഞ്ഞ് കൊല്ലാൻ നോക്കിയിരിക്കുന്നവരുള്ള ബഥാനിയായിലേക്ക് പോകാൻ ഗുരുവൊരുങ്ങുമ്പോൾ ശിഷ്യർ അസ്വസ്ഥരാകുന്നു, അവനെ തടയാൻ ശ്രമിക്കുന്നു. തോമസിന് സംശയങ്ങളില്ല, അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (യോഹ 11:16). അത് പൊള്ളയായ വെറും വാക്കുകളല്ല, തീരുമാനിച്ചുറപ്പിച്ച ജീവനുള്ള വാക്കുകളാണ്. പന്തക്കുസ്താക്കുശേഷം അപരിചിത നാടുകളിലേക്കു സുവിശേഷ വെളിച്ചവുമായെത്തിയത് പഴയ വാക്കുകൾ പൂർത്തീകരിക്കാൻ തന്നെയാണ്. ഇടയിൽ വിശ്വാസനൗക ഉലയുന്നുണ്ടെങ്കിലും, തോമസിന്റെ വിശ്വാസത്തിനും ചെയ്യുന്ന പ്രവർത്തികൾക്കും തമ്മിൽ അകലമില്ലെന്നത് ധ്യാനിക്കണം. ക്രിസ്തുവിലുള്ള വിശ്വാസം നിലപാടുകളിലേക്കും അതിന്റെ അനുബന്ധമായ പ്രവർത്തികളിലേക്കും നയിക്കുന്നു.



ആത്മീയതയുടെ അടിസ്ഥാനം വിശ്വാസവും പ്രവർത്തികളും തമ്മിലുള്ള പാരസ്പ

വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് (ഹെബ്രാ 11:1).

ര്യത്തിലാണ്. ഗുരുവിനെ സ്നേഹിക്കുന്നുവെന്ന് പറയുമ്പോൾ അവനോടൊത്തും അവനുവേണ്ടിയും മരിക്കാൻ പോലും തയ്യാറാണെന്നാണ് തോമസിന്റെ ജീവിതനിലപാട്. സുവിശേഷങ്ങളിൽ ഈശോ കാർക്കശ്യത്തോടെ ഇടപെടുന്നത് വിശ്വാസവും പ്രവർത്തികളും തമ്മിൽ ഐക്യമില്ലാത്തവരോടാണ്. നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? (മത്താ 6:46). വിശ്വാസവും പ്രവർത്തികളും ചേർന്ന് പോകുന്നവരാണ് പാറപ്പുറത്ത് പണിത വീടുപോലെ ഉറപ്പുള്ളവരായി നിലനിൽക്കുന്നത്. ആരവങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം അഭിരമിക്കുന്നവർ പ്രതിസന്ധികളുടെയും പ്രലോഭനങ്ങളുടെയും കൊടുങ്കാറ്റിൽ ചിതറിപ്പോകും.

ആത്മീയ പാഠങ്ങൾ

വി.തോമാശ്ലീഹായുടെ വിശുദ്ധ ജീവിതം ധ്യാനവിഷയമാക്കുമ്പോൾ തെളിയുന്നത് നിരന്തരമായ ദൈവാന്വേഷണത്തിലൂടെയും വിശ്വാസ പ്രഘോഷണത്തിലൂടെയും അതിനു ചേരുന്ന ജീവിതക്രമങ്ങളിലൂടെയും വിശ്വാസത്തിൽ ആഴപ്പെടുക എന്ന ഓർമ്മപ്പെടുത്തലാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തേയും സുവിശേഷം മുമ്പോട്ടു വയ്ക്കുന്ന ജീവിതരീതികളേയും പരിഹസിക്കുന്ന സ്വരങ്ങളും പരാജയപ്പെടുത്താൻ തുനിയുന്ന ശക്തികളും ചുറ്റുപാടുകളിലുണ്ട്. തീക്ഷ്ണമായ വിശ്വാസജീവിതവും സുവിശേഷ ബന്ധിയായ അനുദിനജീവിതവും ക്രിസ്തു നമ്മിൽ കാണുന്ന സ്വപ്നങ്ങളാണ്.

വി. തോമസ് അക്വീനാസ് പ്രാർത്ഥിക്കുന്നു: തോമസിനെപ്പോലെ, മുറിവുകളിലേക്ക് നോക്കാതെ തന്നെ ഞാൻ വിശ്വാസം ഏറ്റുപറയുന്നു. ക്രിസ്തുവേ നിന്നിൽ വിശ്വസിക്കാൻ, എപ്പോഴും പ്രത്യാശിക്കാൻ, നിന്നെ സ്നേഹിക്കാൻ അനുഗ്രഹിക്കണമേ.

അടുത്ത ലക്കം മുതൽ ആരംഭിക്കുന്നു...



നിഴലും പൊരുളും

പഴയനിയമ പ്രമേയങ്ങളെ ആധാരമാക്കിയുള്ള ധ്യാനചിന്തകൾ



ജിൻസി സന്തോഷ് എഴുതുന്ന പംക്തി


കർത്താവേ അങ്ങയെ അന്വേഷിച്ചവരെ അങ്ങ് ഉപേക്ഷിച്ചിട്ടില്ല (സങ്കീ. 9:10).

പരിശുദ്ധ മറിയത്തെ കൂടുതൽ സ്നേഹിക്കുന്നുവെന്ന് ഒരിക്കലും ഭയപ്പെടേണ്ട. യേശു സ്നേഹിച്ചതിനെക്കാൾ അധികമായി നിനക്കൊരിക്കലും അവളെ സ്നേഹിക്കാനാവില്ല. (വി. മാക്സിമില്യൻ കോൾബെ)

അടുത്ത ലക്കം മുതൽ ആരംഭിക്കുന്നു...

എമ്മെ ദ് ആലാഹ

വായനാ വേളയിൽ മരിയ സാന്നിധ്യത്തിന്റെ വാതിൽ തുറക്കുന്ന പഠനങ്ങൾ



ടി. ദേവപ്രസാദ് എഴുതുന്ന പംക്തി



നന്മ



ഫാ. ഡാനിയേൽ
പൂവണ്ണത്തിൽ

വിശുദ്ധ മത്തായി എഴുതിയ സുവിശേഷം 19-ാം അദ്ധ്യായത്തിന്റെ പതിനാറുമുതലുള്ള വചനങ്ങളാണ് നാം പഠനവിഷയമാക്കുന്നത്. ഇവിടെ ഒരു ചെറുപ്പക്കാരൻ വന്ന് യേശുവിനോട് നിത്യജീവൻ പ്രാപിക്കാൻ എന്തു നന്മയാണ് ചെയ്യേണ്ടത് എന്ന് ചോദിക്കുകയാണ്. യേശു അവന് കൊടുക്കുന്ന മറുപടിയാകട്ടെ ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. അതായത് നല്ലവൻ ഒരുവൻ മാത്രം. എന്തു നന്മ എന്ന് ചോദ്യം നല്ലവൻ ഒരുവൻമാത്രം എന്ന് മറുപടി. എന്നാൽ യേശു ഇതിലൂടെ ഉദ്ദേശിക്കുന്നത് അവന്റെ ലക്ഷ്യം എന്ത് എന്നറിയാനാണ്. നിന്റെ ലക്ഷ്യം നന്മ ചെയ്യുക എന്നതോ നല്ലവനെ സ്വന്തമാക്കുക എന്നതോ എന്നാണ് യേശുവിന് അറിയേണ്ടത്. അതായത് നന്മ ചെയ്യുന്നതിലൂടെയല്ല പിന്നെയോ നന്മ തന്നെയായ ദൈവത്തെ സ്വന്തമാക്കുന്നതിലൂടെയാണ് ഒരാൾ നിത്യജീവൻ അവകാശമാക്കുന്നത് എന്ന് സാരം. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നതു പോലെ ഏക സത്യ ദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ (യോഹ 17:3).

അപ്പോൾ ഒരു സംശയം ഉണ്ടാവാം. നാം നല്ലവരാകണോ നല്ലതു ചെയ്യണോ എന്നിങ്ങനെ. അതിനുള്ള മറുപടി നാം യേശുവിനെ അറിഞ്ഞ് അവനെ ഹൃദയത്തിൽ സ്വീകരിച്ച് അവനോട് ഐക്യപ്പെട്ട് കഴിയുമ്പോൾ നമുക്ക് നന്മ ചെയ്യുന്നവരാകാനേ തരമുള്ളൂ എന്ന സ്ഥിതി വന്നുചേരും എന്നതാണ്. നല്ലവരാവുക എന്നാൽ നാം കുറെ നന്മ പ്രവർത്തികൾ

ഏതൊരുവനും സ്വന്തം നൻമ കാംക്ഷിക്കാതെ അയൽക്കാരന്റെ നന്മ കാംക്ഷിക്കട്ടെ
(1 കോറിന്തോസ് 10:24).

പ്രവർത്തിയല്ല വ്യക്തിയാണ്



ചെയ്ത് അങ്ങനെ ആവുക എന്നതല്ല പിന്നെയോ നന്മ തന്നെയായ യേശുവിനെ സ്വന്തമാക്കുന്നതിലൂടെ നന്മ ചെയ്യാതിരിക്കാനാ വാത്തവരായി മാറുക എന്നതാണ്. കാരണം നന്മ പ്രവർത്തിയല്ല, പിന്നെയോ വ്യക്തിയാണ്, അത് യേശുവാണ്. അവനെ സ്വന്തമാക്കുന്നതാണ് നിത്യജീവൻ.

നാം വിശുദ്ധരാകേണ്ടതെങ്ങനെ എന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പറഞ്ഞത് ഈ കാര്യങ്ങൾ മനസ്സിലാക്കാൻ ഉതകും. നാം വിശുദ്ധരാകുന്നത് അസാധാരണമായ ചില പ്രവർത്തികൾ ചെയ്തതുകൊണ്ടല്ല. പിന്നെയോ യേശുവിനോട് ഐക്യപ്പെടുന്നതിലൂടെയും അവന്റെ രഹസ്യങ്ങൾ ജീവിക്കുന്നതിലൂടെയും അവന്റെ മാതൃകകൾ പിൻതുടരുന്നതിലൂടെയും ആണ്. അതായത് ഈ സാഹചര്യത്തിൽ യേശു ആയിരുന്നെങ്കിൽ എന്തു പറയുമായിരുന്നു, എന്തു ചെയ്യുമായിരുന്നു, എന്ത് നിലപാടെടുക്കുമായിരുന്നു എന്നിങ്ങനെ. നന്മ തന്നെയായ യേശുവിനെ ഹൃദയത്തിൽ പൂജിച്ച് എല്ലാം അവനുവേണ്ടി ചെയ്യുന്നു എന്നിടത്താണ് നാം നിത്യജീവന് അവകാശികളാകുന്നത്. യേശുവിനെപ്പോലെ നാം എന്തെങ്കിലും ചെയ്യണമെങ്കിൽ യേശുവിന്റെ ഹൃദയം അറിയണം. ദൈവത്തിന്റെ ഹൃദയം വെളിപ്പെട്ടിരിക്കുന്നതാണ് കല്പനകൾ. അതിനാൽ കൽപനകളെ അവഗണിച്ച് ദൈവഹിതം പ്രവർത്തിക്കാനോ നിത്യജീവൻ സ്വന്തമാക്കാനോ നമുക്കാവില്ല. പിന്നീട് നാം കാണുന്നത് കല്പനകളെ സംബന്ധിച്ച സംവാദമാണ്. കല്പനകൾ പാലിക്കുന്നതിലൂടെയാണ് ദൈവഹിതം നടപ്പാകുന്നത് എന്ന് മനസ്സിലായപ്പോൾ ഏത് കല്പനകൾ എന്നാണ് ആ ചെറുപ്പക്കാരൻ ചോദിക്കുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം അവൻ യഹൂദനാണ് എല്ലാ കല്പനകളെക്കുറിച്ചും അവനറിയാം. ഏതാണ്ട് 613 കല്പനകളും അവയുടെ വിശദാംശങ്ങളും അവനറിവുണ്ടാകണം. എന്നാൽ എല്ലാം പാലിക്കാൻ അവന് ഉദ്ദേശമില്ലെന്നതാണ് അവന്റെ ചോദ്യത്തിനർത്ഥം. അവനെക്കൊണ്ടാവുന്ന കുറെ കല്പനകൾ പാലിച്ച് സ്വർഗ്ഗത്തിൽ പോവുക എന്നതാണവന്റെ ലക്ഷ്യം. അതായത് മിനിമംകൊണ്ട് നിത്യജീവൻ സ്വന്തമാക്കാനുള്ള വഴിയാണ് അവൻ തേടുന്നത്. കുറെ കല്പനകൾ അവൻ പാലിക്കുന്നുണ്ട് അതിനപ്പുറത്തേക്ക് അവന് ഉദ്ദേശമൊന്നുമില്ല.

നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ (യോഹ 14:1)

പ്രമാണങ്ങളേതെല്ലാം എന്ന അവന്റെ ചോദ്യത്തിൽ യേശു കൊടുക്കുന്ന മറുപടി രസകരമാണ്. ആ ചെറുപ്പക്കാരനെ മനസ്സിലാക്കിയുള്ള മറുപടിയാണ്, കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം നല്കരുത്. എന്നുവച്ചാൽ ഇവയെല്ലാം അവൻ പാലിക്കുന്ന കല്പനകളാണ്. അത് അവന്റെ മറുപടിയിൽ വ്യക്തമാണ്. ഇവയെല്ലാം ഞാൻ അനുസരിച്ചിട്ടുണ്ട്. ഇത്രയും പോരെ എന്നതാണ് അവന്റെ ചോദ്യം. ഇത്രയും പാലിച്ചാൽ എല്ലാമായി എനിക്കൊരു കുറവുമില്ലല്ലോ എന്നതാണവന്റെ ഭാവം. മേൽപറഞ്ഞ കല്പനകളെല്ലാം മനുഷ്യർക്കിടയിൽ പാലിക്കപ്പെടേണ്ട മര്യാദകളാണ്. ഇവയിലൊന്നിലും ദൈവവുമായി ബന്ധപ്പെട്ട പ്രമാണങ്ങളില്ല. അത്യാവശ്യം നിയമങ്ങളൊക്കെ പാലിച്ച് സ്വർഗ്ഗത്തിൽ പോകാം എന്നു കരുതിയവൻ ദൈവവുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കുന്നവനല്ല എന്ന് തെളിയുകയാണിവിടെ. അതായത് ഇവൻ ഒന്നാം പ്രമാണം പാലിക്കുന്നവനല്ല. അത് തുടർന്നുള്ള സംവാദത്തിൽനിന്ന് വ്യക്തമാണ്.

മിനിമത്തിൽനിന്ന് ചെറുപ്പക്കാരനോട് യേശു മാക്സിമത്തെക്കുറിച്ച് പറയുന്നു. കഷ്ടിച്ച് ജയിക്കാൻ തീരുമാനിക്കുന്നവരോട് നൂറുമാർക്ക് വാങ്ങി ഒന്നാം റാങ്ക് നേടാൻ യേശു ആവശ്യപ്പെടുന്നു. ദൈവം അങ്ങനെയാണ്. നാം മക്കളായതുകൊണ്ട് കഷ്ടിച്ച് ജയിക്കാനല്ല ഒന്നാം റാങ്ക് നേടാനാണ് അപ്പനായ ദൈവം ആഗ്രഹിക്കുന്നത്. മിനിമത്തിൽ കഴിയുന്നവർ ചോദിക്കും ബിയർ കുടിച്ചാൽ കുഴപ്പമാകുമോ ബീഡി വലിച്ചാൽ കുഴപ്പമുണ്ടോ മനസുഖം തരുന്ന കാഴ്ചകൾ കണ്ടാൽ കുഴപ്പമുണ്ടോ എന്നിങ്ങനെ. എന്നാൽ യേശു നമ്മിൽനിന്ന് പൂർണ്ണത ആഗ്രഹിക്കുന്നതുകൊണ്ട് ഇതൊന്നും ആശാസ്യമല്ല.

തുടർന്ന് യേശു പറയുന്നു നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അതിനർത്ഥം ഇവൻ ദൈവത്തിന്റെ സ്ഥാനത്ത് സമ്പത്ത് പ്രതിഷ്ഠിച്ചിരിക്കുകയാണ്. പിന്നീടുള്ള അവന്റെ നിലപാടിൽ അത് വ്യക്തമാണ്. അവന് അങ്ങനെ ചെയ്യാൻ തയ്യാറാകുന്നില്ല. പല നിയമങ്ങളും പാലിക്കുകയും പ്രധാന നിയമം ലംഘിക്കുകയും ചെയ്ത് നിത്യജീവൻ



സ്വന്തമാക്കാമെന്ന് കരുതിയവനാണവൻ. ഇവിടെ സമ്പത്തിനെ ധനമോഹം അഥവാ പണത്തോടുള്ള ആർത്തി എന്ന അർത്ഥത്തിൽ വേണം മനസ്സിലാക്കാൻ.

പണമല്ല ഒരുവനെ ദൈവത്തിൽ നിന്നകറ്റുകയും നിത്യജീവൻ നഷ്ടപ്പെടുത്തുകയും ചെയ്യുന്നത്. പിന്നെയോ അതിനോടുള്ള മനോഭാവമാണ്. പണത്തിൽ ആശ്രയിച്ച് ദൈവത്തിലുള്ള ആശ്രയം കുറഞ്ഞുപോകുന്നിടത്താണ് സ്വർഗ്ഗം നഷ്ടമാകുന്നത്. സമ്പൂർണ്ണ സമർപ്പണത്തിൽ മാത്രമേ നാം ദൈവത്തിന്റെ സ്വന്തമാകൂ. സ്വർഗ്ഗം നമുക്ക് സ്വന്തമാകൂ. ഈ സമർപ്പണം സാധ്യമല്ലെന്ന് മനസ്സിലാക്കി അവൻ മടങ്ങുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇത് സാധ്യമാണോ എന്ന സംശയമാണ് ശിഷ്യരും രേഖപ്പെടുത്തുന്നത്. അവിടെ യേശുവിന്റെ മറുപടി മനുഷ്യർക്ക് ഇത് അസാധ്യമാണ് എന്നാൽ ദൈവത്തിന് എല്ലാം സാധ്യമാണ് എന്നാണ്. ഇതിനർത്ഥം, മനുഷ്യരുടെ പ്രവർത്തികൾകൊണ്ട് സാധ്യമാകാത്തത് ദൈവത്തിന്റെ കൃപ വന്നു കഴിയുമ്പോൾ സാധ്യമാകും എന്നാണ്. ദൈവകൃപ ലഭിച്ചവർ സമ്പത്തിനെ വലുതായി കാണുന്നില്ല. നിത്യജീവനെ വിലപ്പെട്ടതായി കാണാൻ അവർക്കു കഴിയും.

പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കുവിൻ (ഗലാ. 6:2).



തൊഴിലിന്റെ മാഹാത്മ്യം



തങ്കച്ചൻ തുണ്ടിയിൽ

ജോബിന്റെ പുസ്തകം 34:14-ാം വാക്യത്തിൽ ഇപ്രകാരം കാണുന്നു. ദൈവം ഒരിക്കൽ ഒരു രീതിയിൽ പറയുന്നു, പിന്നെ വേറൊരു രീതിയിൽ. എന്നാൽ മനുഷ്യൻ ഗ്രഹിക്കുന്നില്ല. ശരിക്കും പറഞ്ഞാൽ ദൈവം നമ്മോട് സംസാരിക്കുന്നത് ശരിക്കും തിരിച്ചറിഞ്ഞാൽ നമ്മുടെ ജീവിതം തന്നെ ദൈവം മാറ്റി മറിക്കും. ദൈവം നമ്മോട് സംസാരിക്കുന്നത് അവിടുന്ന് നേരിട്ടല്ല. ചിലപ്പോൾ അത് അധികാരികളിലൂടെയാകാം ഗുരുക്കന്മാരിലൂടെയാകാം മാതാപിതാക്കളിലൂടെയാകാം വചനവായനയിലൂടെയാകാം സഭാനേതൃത്വത്തിലൂടെയാകാം എന്തിനേറെ നമ്മെക്കാൾ ബുദ്ധിയും കഴിവും കുറഞ്ഞ വരിലൂടെയാകാം. ഏത് രീതിയിലായാലും നാമത് തിരിച്ചറിയുകയെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഒരിക്കൽ ദൈവം ഒരാളിലൂടെ നമ്മോട് സംസാരിച്ച കാര്യം നാം സീരിയസായിട്ടെടുത്തില്ലെങ്കിൽ ദൈവം മറ്റൊരാളിലൂടെ അതേ കാര്യംതന്നെ വേറൊരു രീതിയിൽ സംസാരിക്കും. ഇത് നാം മനസ്സിലാക്കാൻ വേണ്ടി നമ്മോടുള്ള സ്നേഹത്താലാണ് ഈ തിരുത്തലുകളൊക്കെ നമുക്ക് തരുന്നത്. എന്റെ ജീവിതത്തിൽ ഞാൻ തിരുത്തേണ്ട കാര്യങ്ങൾ ആദ്യം ഈശോ അധികാരികളിലൂടെ തന്നു ഞാനത് തള്ളിക്കളഞ്ഞു. വീണ്ടും ബുദ്ധിയില്ലാത്ത ഒരാളിലൂടെ അതേ ആശയം പറഞ്ഞപ്പോഴാണ് അത് ദൈവസ്വരമാണെന്ന് മനസ്സിലാക്കാൻ എനിക്ക് സാധിച്ചത്.

ഞാൻ വചനം പ്രസംഗിക്കുന്നിടത്തെല്ലാം എന്റെ തൊഴിലായ തെങ്ങുകയറ്റത്തെക്കുറിച്ച് പറയാതിരിക്കാൻ പറ്റില്ല. പ്രസംഗം കഴിയുമ്പോഴെ ചിലരുടെ ചോദ്യം എന്നെ സങ്കടപ്പെടുത്താറുണ്ട്. എത്ര നാളായി ക്രിസ്ത്യാനിയായിട്ട്. ഈ കാലഘട്ടത്തിൽ ഈ ചോദ്യത്തിന് വലിയ പ്രസക്തിയില്ല. കാരണം ഇപ്പോൾ ഈ

പണി യന്ത്രം വന്നതിൽപിന്നെ എല്ലാവരും ചെയ്യാറുണ്ട്. ഞാനീ പറഞ്ഞ കാല ഘട്ടങ്ങളിൽ ചില പ്രത്യേക ജാതിയിൽപെട്ടവരായിരുന്നു ഇത് ചെയ്തിരുന്നത്. ഞാൻ കയറുപയോഗിച്ച് തായിപ്പൽ കെട്ടി കയറുന്നതുകൊണ്ട് പലരും എന്റെ കാലിലെ തഴമ്പിലേക്ക് നോക്കിക്കൊണ്ടും ഈ ചോദ്യം ചോദിക്കാറുണ്ട്. ഞാനെന്റെ ഇടവകയിലെ വികാരിയച്ചനോടീവിഷമം പറഞ്ഞപ്പോൾ അച്ചൻ എന്നോടിപ്രകാരം പറഞ്ഞു, കാലിന്റെ മുട്ട് ഒന്നു കാണിക്കാമോ? ഞാൻ കാണിച്ചപ്പോൾ അച്ചൻ ഇപ്രകാരം പറഞ്ഞു, ഈ മുട്ടിലെ തഴമ്പുപോലെ കാലിലെ തഴമ്പിനെയോർത്ത് അഭിമാനിക്കണം. തുടർന്ന് തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ചും ആശാരിപണി ചെയ്ത യൗസേപ്പിതാവിനെക്കുറിച്ചും എന്റെ പണിയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും കൂടുതൽ പൈസ കിട്ടുന്നതിനെക്കുറിച്ചും ശുശ്രൂഷ ചെയ്യാൻ കിട്ടുന്ന സമയത്തെക്കുറിച്ചും നല്ലയൊരു വിവരണം നൽകി. ഞാനത് മൈന്റ് ചെയ്തില്ല. ഞാനിപ്രകാരം മനസ്സിൽ പറഞ്ഞു. അച്ചന് ഞാനീ പറഞ്ഞ വിഷമം മനസ്സിലായില്ല. തുടർന്ന് ഞാൻ കുറിക്കുന്ന സംഭവത്തിലൂടെ അച്ചനല്ല എനിക്കാണ് മനസ്സിലാകാത്തതെന്ന സത്യം ഞാൻ മനസ്സിലാക്കി.

തൊട്ടടുത്ത ദിവസം ഞങ്ങൾ മുപ്പതോളം പേർ മാനസിക രോഗികളെ സംരക്ഷിക്കുന്ന ഒരു അനാഥാലയം സന്ദർശിക്കാൻ പോയി. ഒരു മാനസികരോഗി ഞങ്ങളുടെയെല്ലാം മുഖത്തേക്ക് മാറി മാറി നോക്കിയിട്ട് എന്നോട് മാത്രമായിട്ട് ചോദ്യം ചോദിച്ചു: ചേട്ടനെന്താ പണി? അന്നുവരെ എനിക്കേറ്റവും വെറുപ്പുള്ള ചോദ്യമാണിത്. കാരണം തൊഴിൽ പറയുമ്പോൾ ചിലപ്പോൾ എത്ര നാളായി ക്രിസ്ത്യാനിയായിട്ടെന്ന ചോദ്യത്തിന് സാദ്ധ്യതയുണ്ട്. ഞാനിപ്രകാരം ചിന്തിച്ചു എന്റെ ഈശോയെ ഇവൾക്കി 29 പേരുടെയും തൊഴിലറിയണ്ടല്ലോ എന്റെ മാത്രം. ഞാനിവളോട് എന്റെ തൊഴിൽ പറഞ്ഞു. ഇവൾ പിന്നീടെന്നോടൊരു പ്രസംഗം നടത്തി. എന്റെ വികാരിയച്ചൻ എന്നോട് പറഞ്ഞതും ഇവൾ എന്നോട് പറഞ്ഞതും ടേപ്പ് ചെയ്തിട്ട് വീണ്ടും കേട്ടാൽ മനസ്സിലാകും രണ്ടും ഒരേ സന്ദേശം. അവളുടെ സംസാരത്തിലെ പ്രധാനപ്പെട്ട സന്ദേശം മാത്രം കുറിക്കാം. ചേട്ടനെത്ര ഭാഗ്യവാൻ, ലോട്ടറി വിൽക്കുന്നതിലും കാശുകിട്ടും. ചെറിയ തെങ്ങാണെങ്കിൽ ചടുപുടോ വെട്ടിയിടാം. ഇങ്ങനെയൊക്കെ നടക്കാനും പ്രാർത്ഥിക്കാനും പ്രസംഗിക്കാനുമൊക്കെ സമയം ധാരാളം കിട്ടും. ഇത് തന്നെയായിരുന്നു എന്റെ വികാരിയച്ചന്റെയും സന്ദേശങ്ങൾ. ഈ സമയത്ത് എന്റെ മനസ്സിലേക്ക് കടന്നുവന്ന വചനം ഇതാണ് പൂർവ്വകാലങ്ങളിൽ പ്രവാചകൻമാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു (ഹെബ്രാ 1:1-2). ആരിലൂടെയാണെങ്കിലും ദൈവസ്വരം നാം തിരിച്ചറിയണം.





ബ്രദർ ക്രിസ്റ്റോ
തെക്കൻ വി. സി



വഴിമാറിക്കൊടുക്കാം, ക്രിസ്തുവിലേക്ക്...

വളരെ തിരക്കേറിയ ഒരുറോഡിലൂടെ നാം യാത്ര ചെയ്യുകയാണ്. ഒരു പ്രധാനപ്പെട്ട മീറ്റിംഗിനായി ഞാനും പോകുകയാണ്. പെട്ടെന്ന് ഒരു ആംബുലൻസ് ഈ തിരക്കേറിയ റോഡിലൂടെ പിന്നാലെ വരുന്നു. സ്വാഭാവികമായും ഞാൻ ആ ആംബുലൻസിന് വഴി കൊടുക്കും. ഇന്ത്യൻ നിയമപ്രകാരം,ഒരു സൈറൺ മുഴക്കി വരുന്ന ആംബുലൻസിന് വഴി കൊടുത്തില്ലെങ്കിൽ സെക്ഷൻ 194 E നിയമപ്രകാരം, 10,000രൂപ പിഴ മുതൽ തടവു ശിക്ഷ വരെ ലഭിക്കാം. ആ ആംബുലൻസിനുള്ളിലെ തുടിക്കുന്ന ജീവൻ ഒരു മനുഷ്യജീവനാണ്. ആ മനുഷ്യ ജീവിതം നാം അത്രമേൽ വിലമതിക്കുന്നു.

ഒരു തളർവാതരോഗിയുമായി ചില നല്ല മനസ്സുകൾ കടന്നുവരുമ്പോൾ, ക്രിസ്തുവിന്റെ അടുത്തെത്താൻ അദ്ദേഹത്തിന്റെ ചുറ്റും തിങ്ങിക്കൂടിയ ജനം ആ ആംബുലൻസിന് വഴികൊടുത്തില്ല. ജനക്കൂട്ടം നിമിത്തം അവന്റെ അടുത്തെത്താൻ അവർക്കു കഴിഞ്ഞില്ല (മർക്കോസ്2:4). എന്നാൽ ആംബുലൻസ് ഡ്രൈവർമാർക്ക് തുല്യമായ വേഗതയിൽ ആ ദൗത്യം ഏറ്റെടുത്തവർ പിന്നീട് ചെയ്ത കാര്യം വളരെ കൗതുകകരവും അസാധാരണവുമാണ്. യേശു ഇരുന്ന സ്ഥലത്തിന്റെ മേൽക്കൂര പൊളിച്ച് അവർ തളർവാതരോഗിയെ താഴെയിറക്കി. വലിയ വിശ്വാസത്തിന്റെ ഉത്തമ ഉദാഹരണമാണ് ഇത്. ആ ജനക്കൂട്ടം ആ കിടപ്പുരോഗിക്ക് പോകാൻ സ്ഥലം നല്കിയിരുന്നുവെങ്കിൽ അനായാസം അവർക്ക് യേശുവിന്റെ പക്കൽ എത്താമായിരുന്നു. ഒടുവിൽ ആ രോഗി സുഖപ്പെട്ട്, തന്റെ കിടക്കയുമെടുത്ത് ജനങ്ങളുടെ ഇടയിലൂടെയാണ് പുറത്തേക്ക് പോയത് എന്ന് സുവിശേഷകൻ പറയുന്നു (മർക്കോസ്2:12).

അവിടെ തിങ്ങിക്കൂടിയ ജനക്കൂട്ടത്തിന്റെ ചിന്താഗതി നമുക്ക് ധ്യാനിക്കാം. യേശുവിൽ കുറ്റം ആരോപിക്കാൻ എത്തിയ നിയമജ്ഞരും അതിൽ ഉണ്ടായിരുന്നു. അവരുടെ സ്വാർത്ഥ മനോഭാവത്തെയാണ് നാം തുടർന്ന് കേൾക്കുന്നത്. ഞാൻ മാത്രം ക്രിസ്ത്യാനിയായാൽ മതിയോ? എന്ന് നാം ചോദിക്കണം. പലപ്പോഴും എന്റെ

അയൽക്കാരൻ യേശുവിനെ അറിയുവാനും അനുഭവിക്കുവാനും ഞാൻ തന്നെ ഒരു തടസ്സമായി മാറിപ്പോകുന്നു.

മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുമക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ ശിഷ്യന്മാർ അവരെ തടഞ്ഞു. ശിഷ്യന്മാർ അവരെ ശാസിച്ചു (മത്താ19:13). യേശുവിന്റെ പക്കലേക്ക് കുഞ്ഞുങ്ങൾ വരുന്നത് അവർക്ക് ഇഷ്ടമായില്ല. പക്ഷെ യേശു ശിഷ്യന്മാരോട് കോപിച്ച്, കുഞ്ഞുങ്ങളെ തന്റെ അരികിൽ വിളിച്ച് അനുഗ്രഹിച്ചു. അന്ധനായ ബർത്തിമേയൂസ് ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ എന്ന് വിളിച്ചപ്പോൾ ജനങ്ങൾ അവനെ ശകാരിച്ചു. ശബ്ദമുണ്ടാക്കാതിരിക്കാൻ പലരും അവനെ ശകാരിച്ചു (മർക്കോ 10:48). അവൻ സൗഖ്യം പ്രാപിക്കുന്നതിൽ നിന്ന് അവർ അവനെ തടയുകയായിരുന്നു. സുവിശേഷത്തിലുടനീളം ഫരിസേയരും നിയമജ്ഞരും ജനങ്ങൾക്ക് യേശുവിനെ മനസ്സിലാക്കുന്നതിന് ഒരുതടസ്സമായി നിന്നു.

പഴയനിയമത്തിൽ യോനാപ്രവാചകന്റെ ജീവിതത്തിലും സമാനമായ ഒരുമനോഭാവം നമുക്ക് കാണാം. നിനവേ നിവാസികൾ ദൈവത്തിങ്കലേക്ക് തിരിയുന്നതിനോ മാനസാന്തരപ്പെടുന്നതിനോ യോനാ താല്പര്യം കാണിച്ചില്ല. ദൈവം അവർക്ക് നന്മ ചെയ്യുന്നത് കാണാൻ ആഗ്രഹിക്കാത്തതിനാൽ അവൻ കർത്താവിന്റെ സന്നിധിയിൽ നിന്ന് തർശീശിലേക്ക് ഓടിപ്പോയി. കർത്താവേ, ഞാൻ എന്റെ നാട്ടിലായിരുന്നപ്പോൾ പറഞ്ഞത് ഇതല്ലേ? നീ കരുണയുള്ളവനും ദയാലുവും ശിക്ഷിക്കുന്നതിൽ വിമുഖനും സ്നേഹനിധിയുമായ ദൈവമാണെന്ന് എനിക്കറിയാമായിരുന്നു (യോനാ4:2). മറ്റുള്ളവർക്ക് ലഭിക്കേണ്ട കൃപയ്ക്ക് തടസ്സമാകുന്ന ഒരു പ്രവാചകനെയാണ് നാം അവിടെ കാണുന്നത്. എങ്കിലും, ദൈവത്തിന്റെ സ്നേഹപൂർണ്ണമായ തിരുത്തലുകൾക്ക് കീഴ്വഴങ്ങിക്കൊണ്ട് ഒടുവിൽ നിനവേയുടെ രക്ഷയ്ക്കായി അവൻ സ്വയം സമർപ്പിക്കുകയും ചെയ്തു എന്നത് പ്രത്യാശ നൽകുന്ന കാര്യമാണ്.

ഈ മനോഭാവം ഇന്ന് സഭയിൽ ഒരു ട്രെൻഡായി മാറിയിട്ടുണ്ടോ എന്ന് ചിന്തിക്കണം. വൈദികരും സന്യാസിമാരും കടമകളിൽ നിന്ന് മാറിനിൽക്കുന്നത് കാരണം കത്തോലിക്കാ സഭയിൽ നിന്ന് വിശ്വാസികൾ അകന്നുപോകുന്നത് ഇതിനൊരു കാരണമാണ്. ക്രിസ്തുവിനെ കാണാൻ ആഗ്രഹിക്കുന്നവരുടെ മുൻപിൽ നാം വലിയ മതിലുകളായി മാറുന്നുണ്ടോ?

നമ്മുടെ ജീവിതയാത്രയിൽ നാം ആർക്കെങ്കിലും വഴിമുടക്കികളായി മാറുന്നുണ്ടോ എന്ന് ആത്മപരിശോധനചെയ്യാം. വഴിയരികിലെ കുരുടനും തളർന്നുകിടക്കുന്ന സഹോദരനും ക്രിസ്തുവിനെ കാണാൻ ശ്രമിക്കുമ്പോൾ അവർക്ക് തടസ്സമാകുന്ന ജനക്കൂട്ടമായി നാം മാറരുത്. മറിച്ച്, മറ്റുള്ളവരുടെ രോഗവും വേദനയും കണ്ട് അവർക്ക് ദൈവത്തിലേക്ക് എത്താൻ സ്വന്തം താല്പര്യം എന്ന മേല്ക്കൂര പൊളിച്ചും വഴിമാറിക്കൊടുത്തും സഹായിക്കുന്ന നല്ല അയൽക്കാരാകാം. ഓരോ മനുഷ്യനിലും തുടിക്കുന്ന ദൈവസാന്നിധ്യത്തെ തിരിച്ചറിയാനും, അവർക്ക് ക്രിസ്തുവിലേക്ക് നടന്നുപോകാൻ സുരക്ഷിതമായ പാതയൊരുക്കാനും നമുക്ക് സാധിക്കട്ടെ.

അടുത്ത ലക്കം മുതൽ ആരംഭിക്കുന്നു...

ചെവിയുള്ളവർക്കായ്

പുതിയനിയമ പ്രമേയങ്ങളെ ആധാരമാക്കിയുള്ള വിചിന്തനങ്ങൾ





കുഞ്ഞുമോൾ ബെന്നി എഴുതുന്ന പംക്തി



തേൻമൊഴി

അങ്ങയുടെ വാക്കുകൾ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ് സങ്കീർത്തനങ്ങൾ 119:103

ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ



യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ അഭിസംബോധനയായ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നത് വിശകലന വിധേയമാക്കുകയാണിവിടെ. ദൈവത്തോട് പ്രാർത്ഥിക്കാനൊരുങ്ങുന്ന ഒരാൾ പുലർത്തേണ്ട മനോഭാവവും, അയാൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതയും ആമുഖത്തിൽതന്നെ യേശു പറഞ്ഞു വക്കുന്നു. ഞങ്ങൾ എന്ന പ്രയോഗത്തിലൂടെ മനോഭാവവും പിതാവേ എന്ന പ്രയോഗത്തിലൂടെ യോഗ്യതയും യേശു വ്യക്തമാക്കുന്നതായി കാണാവുന്നതാണ്. ഒരാൾ ഒറ്റക്ക് പ്രാർത്ഥിക്കുമ്പോൾ പോലും അയാൾക്ക് മാത്രമായി ഒരാവശ്യം ഉണ്ടാവാൻ പാടില്ലെന്നതാണ് 'ഞങ്ങൾ' പറഞ്ഞുതരുന്ന പാഠം. ഞങ്ങൾ എന്നതിലെ ഞാനല്ലാത്ത മറ്റെല്ലാവരും സഹോദരങ്ങളാകുന്നു, പിതാവേ എന്ന വിളിയിലൂടെ.

ഒരുവൻപോലും നശിച്ചു പോകാതെ സകലരും രക്ഷപ്രാപിക്കണമെന്ന പിതാവിന്റെ ഹിതം (മത്താ.18 : 14, യോഹ. 3 : 6) നടപ്പാക്കാൻ വന്ന യേശുവാണ് ഇത് പഠിപ്പിച്ചതെന്നത് മറക്കരുത്. അതായത് എല്ലാ മനുഷ്യർക്കും പ്രാർത്ഥിക്കാനുള്ള



പ്രാർത്ഥനയാണിത്. ആരു പ്രാർത്ഥിക്കാൻ തുനിഞ്ഞാലും മറ്റുള്ളവരെല്ലാം സഹോദരങ്ങളാണെന്ന മനോഭാവത്തോടെയേ ദൈവസന്നിധിയിലണയാവൂ എന്നർത്ഥം. ഞങ്ങൾ എന്നത് ഇങ്ങനെ മനസ്സിലാക്കിയാൽ, ആർക്കുമെതിരേ ഒരുവന് പ്രാർത്ഥിക്കാനാവാത്ത വിധം ആരംഭത്തിൽ തന്നെ യേശു പഴുതടച്ചു എന്ന് വേണം കരുതാൻ. ശത്രുസംഹാരത്തിന് ക്രിസ്തീയ പ്രാർത്ഥനയിൽ സ്ഥാനമില്ലെന്ന് ചുരുക്കം. ഒരാൾക്കു മാത്രമായി ഒരാവശ്യമില്ല എന്നുവരുമ്പോൾ മാനവകുലത്തിന് ആകമാനം ഉപകാരപ്പെടുന്നവ മാത്രമേ പ്രാർത്ഥനയുടെ വിഷയമാകുന്നുള്ളൂ എന്ന് തിരിച്ചറി

അടുത്ത ലക്കം മുതൽ ആരംഭിക്കുന്നു...



വചനം മാംസമായി

അനുദിന ജീവിതത്തിൽ വചനത്തിന്റെ പ്രസക്തി വെളിപ്പെടുന്ന ബോധനങ്ങൾ



ഫാ. ഡോ. ദേവ് അക്കര കപ്പൂച്ചിൻ
എഴുതുന്ന പംക്തി

യേണ്ടതുണ്ട്. അതായത് യേശു പഠിപ്പിച്ച പ്രാർത്ഥന മധ്യസ്ഥ പ്രാർത്ഥനയാണെന്ന് വരുന്നു, മനുഷ്യകുലത്തിനു മുഴുവൻ വേണ്ടിയുള്ള മധ്യസ്ഥ്യം, അവിടുന്ന് പിതാവിന്റെ വലതു ഭാഗത്തിരുന്ന് ചെയ്തു കൊണ്ടിരിക്കുന്നത് (മർക്കോസ് 16 : 19, ഹെബ്രാ 8 : 6). ആരെയെങ്കിലും ഒഴിവാക്കിയോ ആർക്കെങ്കിലുമെതിരെയോ ദൈവത്തെ സമീപിക്കുന്നതിൽ അർത്ഥമില്ല എന്നതാണ് 'ഞങ്ങൾ' തരുന്ന സന്ദേശം.

സഹോദരനെതിരെ നീതി നടപ്പാക്കിത്തരാൻ യേശുവിനെ സമീപിക്കുന്ന ഒരുവനെ യേശു എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നു നോക്കുക : 'യേശു അവനോടു ചോദിച്ചു: ഹേ, മനുഷ്യാ, എന്നെ നിങ്ങളുടെ ന്യായാധിപനോ സ്വത്തു ഭാഗിക്കുന്നവനോ ആയി ആരു നിയമിച്ചു?' (ലൂക്കാ 12 : 14). ഒരു ന്യായാധിപനെതിരെ പരാതി ഉണ്ടായിരുന്ന വിധവ ആ പരാതിയുമായി ദൈവത്തെ സമീപിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ് (ലൂക്കാ 18,1-8).

സഹോദരരേ, നിങ്ങൾ പരസ്പരം എതിർത്തു സംസാരിക്കരുത്. സഹോദരനെതിരായി സംസാരിക്കുകയോ സഹോദരനെ വിധിക്കുകയോ ചെയ്യുന്നവൻ, നിയമത്തിനെതിരായി സംസാരിക്കുകയും നിയമത്തെ വിധിക്കുകയും ചെയ്യുന്നു. നിയമത്തെ വിധിക്കുന്നെങ്കിൽ, നീ നിയമം അനുസരിക്കുന്നവനല്ല; മറിച്ച്, അതിന്റെ വിധികർത്താവത്രേ (യാക്കോബ് 4 : 11).

പിതാവേ എന്ന് ദൈവത്തെ വിളിക്കുന്നതിലൂടെ തികഞ്ഞ ഒരു സുരക്ഷിതത്വ ബോധത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പ്രധമമായി അത് ദൈവം എനിക്ക് ദോഷമായിട്ടൊന്നും ചെയ്യില്ല എന്ന തിരിച്ചറിവാണ് (ലൂക്കാ11:11). കാരണം അവനെന്റെ അപ്പനാണ്. അങ്ങനെയെങ്കിൽ സാധാരണഗതിയിൽ ദൈവമിതൊന്നും കാണുന്നില്ലേ എന്നവിധം പരാതിക്ക് കാരണമായേക്കാവുന്ന പലതും പ്രാർത്ഥനയിൽനിന്ന് സ്വാഭാവികമായി ഒഴിവാകും. ശരിയായ പ്രാർത്ഥനയിലേക്ക് പ്രവേശിക്കുന്ന ഒരാളുടെ മനസ്സ് എത്ര ശാന്തമാകുന്നു എന്ന് കാണുക. മറ്റെല്ലാവരും സഹോദരങ്ങളും ദൈവം പിതാവുമാകയാൽ എല്ലാ മനുഷ്യർക്കും ആകെയൊരു ദൈവമേയുള്ളൂ (ലൂക്കാ 2 : 10,11) എന്ന തിരിച്ചറിവിലേക്ക് നാം പ്രവേശിക്കുകയാണ്. ഏതു മതത്തിലും, വിഭാഗത്തിലും, ദേശത്തിലും, ഭാഷയിലും, വർണ്ണത്തിലും, ഉൾപ്പെട്ടവരായാലും അവരെ വിജാതീയരെന്നോ, ദൈവനിഷേധികളെന്നോ, ഭീകരരെന്നോ, തീവ്രവാദികളെന്നോ മുദ്രകുത്തി ശത്രു പക്ഷത്തു നിർത്താതെ അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ മനസ്സു പരുവപ്പെട്ടവർക്കേ ദൈവത്തെ പിതാവേ എന്ന് വിളിക്കാനുള്ള യോഗ്യത കൈവരുന്നുള്ളൂ. നശിച്ചു പോകണമെന്ന് നമ്മളാഗ്രഹിക്കുന്നവർ രക്ഷപ്പെടണമെന്നാണ് ദൈവമാഗ്രഹിക്കുന്നതെന്ന് മനസ്സിലാക്കി നമ്മുടെ ആഗ്രഹവും അവർ രക്ഷപ്പെടണമെന്നാകുമ്പോഴാണ് നാം ദൈവഹിതപ്രകാരം പ്രാർത്ഥിക്കുന്നവരും അതുവഴി മക്കളായിത്തീരുന്നതും. ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും (മത്തായി 5:44,45) എന്നാണല്ലോ യേശു പറയുന്നത്.

ഈ ഭൂമിയിൽ ആര് എവിടെയിരുന്ന് ഏതു ഭാഷയിൽഏതുപേരിൽ എങ്ങനെവിളിച്ചു പ്രാർത്ഥിച്ചാലും കേൾക്കാൻ ഒരു ദൈവമേയുള്ളൂ എന്ന തിരിച്ചറിവ് എത്ര മാത്രം നമ്മുടെ പ്രാർത്ഥനകളെ സഹോദരോന്മുഖമാക്കേണ്ടതാണ്. നമ്മെപ്പോലെതന്നെ മറ്റുള്ളവർക്കും ആവശ്യങ്ങളുണ്ടെന്നും എല്ലാവരുടെയും ആവശ്യങ്ങൾ സാധിച്ചുതരാൻ ആകെയൊരു ദൈവമേയുള്ളൂവെന്നും ആ ദൈവം ആർക്കും തിന്മയായിട്ടൊന്നും ചെയ്യില്ലെന്നും തിരിച്ചറിയുന്നവർക്കുള്ളതാണ് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'.

ഉപ്പിലിട്ടത്

ദൈവമാണീ പ്രപഞ്ചം സൃഷ്ടിച്ചതെന്ന് എല്ലാ മതങ്ങളും പറയുന്നു. ആകെയൊരു പ്രപഞ്ചമേയുള്ളുതാനും. അപ്പോൾ എല്ലാ മതങ്ങളും പറയുന്ന ദൈവം ഒന്നാകാനേ തരമുള്ളൂ.



വചനോത്സവശുശ്രൂഷയിലൂടെ

യേശുവിനെ അറിയാത്ത മിഷൻ പ്രദേശങ്ങളിൽ പ്രേഷിതരായി തീരുവാൻ... നിങ്ങളുടെ ഇടവകയിലും കുടുംബയൂണിറ്റുകളിലും സംഘടനകളിലും യേശുവിന്റെ സാക്ഷിയായി തീരുവാൻ... ഹോസ്പിറ്റലുകളിലും ജയിലുകളിലും ലൈബ്രറികളിലും വിശ്രമകേന്ദ്രങ്ങളിലും ദൈവവചന പ്രഘോഷകരാകുവാൻ... ഒരു മാസികയെങ്കിലും സ്പോൺസർ ചെയ്യാൻ പരിശുദ്ധാത്മാവ് പ്രേരിപ്പിക്കുന്നവർ ഇന്ന് തന്നെ ബന്ധപ്പെടുക :

SCAN TO SUPPORT

9447696622



നിന്റെ കഷ്ടതയുടെ കാലത്ത് നീ എന്നോട് നിലവിളിക്കുക. ഞാൻ നിന്നെ രക്ഷിക്കും. നീ എന്നെക്കും എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും (സങ്കീ. 50:15)


ജിയോ ജോർജ്,തിരൂർ



എനിക്ക് 15 വയസ്സ് മുതൽ കടുത്ത തലവേദനയും (മൈഗ്രെയിൻ) അലർജി സംബന്ധമായ കടുത്ത തുമ്മലും, ശ്വാസം മുട്ടലും ഇടയ്ക്കിടെ വന്നിരുന്നു. 1996 ൽ ഞാൻ ആദ്യമായി ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച ധ്യാനത്തിൽ സംബന്ധിച്ചു. ധ്യാനത്തിന്റെ അവസാനം അഭിഷേക സമയത്ത് മനസ്സിലുള്ള ശത്രുതാ മനോഭാവം കർത്താവ് എടുത്തു മാറ്റി. പിന്നീട് എനിക്ക് ഇതുവരെ തലവേദന ഉണ്ടായിട്ടില്ല. 2012ൽ വീണ്ടും ഞാൻ പോട്ട ആശ്രമത്തിൽ ഭാര്യയുമൊത്ത് ധ്യാനം കൂടിയിരുന്നു. പിന്നീട് പലപ്പോഴായി ഏകദിന ധ്യാനത്തിൽ പങ്കെടുക്കുകയും മാസംതോറും വചനശുശ്രൂഷയ്ക്കായി ചെറിയ സംഭാവന നല്കിക്കൊണ്ടിരിക്കുകയും വചനോത്സവം മാസിക വരിക്കാരനായി പ്രാർത്ഥനാപൂർവ്വം വായിക്കുകയും മാസിക സൗജന്യമായി മറ്റുള്ളവർക്ക് കൊടുക്കുകയും ചെയ്തു. മാസിക വായിക്കുന്നതിനിടയിൽ എന്റെ അലർജി സംബന്ധമായ തുമ്മലും ശ്വാസം മുട്ടലും എടുത്തുമാറ്റുവാൻ യേശുവിനോട് നിരന്തരം പ്രാർത്ഥിച്ചിരുന്നു. അസുഖം മാറിക്കഴിഞ്ഞാൽ വചനോത്സവം മാസികയിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ചിരുന്നു. 40 വയസ്സുവരെ ഈ അസുഖത്തിന് ഇൻഹെയിലറും, മറ്റു മരുന്നുകളും ഉപയോഗിച്ചുവന്നിരുന്നു. പ്രാർത്ഥനയുടെ ഫലമായി അതിനുശേഷം ഈ അസുഖം വന്നിട്ടില്ല. ദൈവനാമമഹത്ത്വത്തിനായി ഈ അനുഗ്രഹം വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. ഇതുപോലെ ചെറുതും വലുതുമായ നിരവധി അനുഗ്രഹങ്ങൾ എനിക്കും കുടുംബത്തിനും കർത്താവായ യേശുക്രിസ്തു നല്കിക്കൊണ്ടിരിക്കുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെ നാമം പരിശുദ്ധമാണ് (ലൂക്കാ 1:49).

ദൈവമേ, അങ്ങയുടെ കാരുണ്യം
ആകാശത്തോളവും
അങ്ങയുടെ വിശ്വസ്തത
മേഘങ്ങളോളവും വലുതാണ്
(സങ്കീ. 5710).



ലിറ്റി ബെന്നി, അന്നമനട



എനിക്ക് പിരിയഡ്സ് മൂന്നുമാസം ഒരു ദിവസം മാത്രമാണ് ഉണ്ടായിരുന്നത്. ഞാൻ ഡോക്ടറെ കാണുവാൻ ചെന്നപ്പോൾ മുഴയായിരിക്കും സ്കാൻ ചെയ്തിട്ട് വരാൻ പറഞ്ഞു. ഞാൻ ദൈവത്തോട് പ്രാർത്ഥിച്ച് സ്കാനിംഗിന് പോയി. സ്കാനിംഗിന് ചെന്നപ്പോഴാണ് ഞാൻ ഗർഭിണിയാണെന്ന് അറിയുന്നത്. മൂന്നുമാസം ബ്ലീഡിംഗ് ഉണ്ടായതിനാൽ കുട്ടിക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകുമോ എന്ന സംശയമുണ്ടായിരുന്നു. എന്റെ കുഞ്ഞിന് യാതൊരു കുഴപ്പവുമുണ്ടാകാതിരുന്നാൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് ദൈവത്തോട് പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി അഞ്ചാംമാസത്തെ സ്കാനിംഗിൽ കുട്ടിക്ക് യാതൊരു കുഴപ്പവുമില്ലെന്ന് അറിഞ്ഞു. അതുകൂടാതെ സുഖപ്രസവം നല്കി ദൈവം എന്നെ അനുഗ്രഹിച്ചു. യേശുവേ, നന്ദി യേശുവേ സ്തോത്രം.

ഏലിയാമ്മ ജോസഫ്, വല്ലകം



ഞാൻ വളരെക്കാലമമായി വചനോത്സവത്തിന്റെ പ്രേഷിതയാണ്. എന്റെ മകളുടെ മകൻ ജിയോ ജോർജ് വിദേശത്ത് എൻജിനിയറിംഗ് വിദ്യാർത്ഥിയാണ്. ഒരു വർഷത്തോളമായി ജിയോക്ക് വയറിന് വേദനയും അസ്വസ്ഥതകളും ഉണ്ടായിരുന്നു. അവിടെ ഡോക്ടറെ കാണിച്ചു മരുന്ന് കഴിച്ചുവെങ്കിലും പിന്നെയും പല ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. കഴിഞ്ഞമാസം നാട്ടിൽ വന്ന് ഡോക്ടറെ കാണിച്ചു. ഒരാഴ്ച ഡോക്ടറുടെ മരുന്ന് കഴിച്ചു. പിന്നീട് ടെസ്റ്റുകൾ നടത്തി. രണ്ടാഴ്ച കഴിഞ്ഞ് റിസൽട്ട് വരുമെന്ന് പറഞ്ഞു. റിസൽട്ടിൽ യാതൊരു കുഴപ്പവുമില്ലാതിരുന്നാൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് വലിയ വിശ്വാസത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. റിസൽട്ട് വന്നപ്പോൾ ഭക്ഷണകാര്യത്തിൽ കുറെ ശ്രദ്ധിച്ചാൽ മതിയെന്നും വേറെ കുഴപ്പമൊന്നുമില്ലെന്നും ഡോക്ടർ പറഞ്ഞു. ഈശോ നൽകിയ ഈ വലിയ സൗഖ്യം ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി. യേശു വേ, സ്തോത്രം.

നിന്റെ ജീവിതം കർത്താവിന് ഭരമേൽപ്പിക്കുക; കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്ന് നോക്കിക്കൊള്ളും (സങ്കീ.37:5).

അവർ കർത്താവിങ്കലേക്ക് മടങ്ങിവരികയും അവരുടെ പ്രാർത്ഥന കേട്ട് കർത്താവ് അവർക്ക് സൗഖ്യം നല്കുകയും ചെയ്യും (ഏശ 19:22).



തോമസ്, കാക്കുളിശ്ശേരി



എന്റെ മലദ്വാരത്തിൽ ക്യാൻസർ ആയിരുന്നു. അഞ്ച് മുഴകളായിരുന്നു ഉണ്ടായിരുന്നത്. തിരുവനന്തപുരം ആർ.സി.സി.യിൽ ആയിരുന്നു ചികിത്സ. എന്റെ ഭാര്യ പല സ്ഥലത്തും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി സഹായം യാചിച്ചിരുന്നു. വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചിരുന്നു. പ്രാർത്ഥനയുടെ ഫലമായി ഓപ്പറേഷൻ കൂടാതെ തന്നെ ഈശോ സൗഖ്യം തന്നു. 2026 ഫെബ്രുവരിയിൽ ഡിവൈനിൽ ധ്യാനം കൂടിയിരുന്നു. ധ്യാനത്തിനുശേഷം ടെസ്റ്റ് ചെയ്തപ്പോൾ അസുഖമില്ല എന്ന് റിസൽട്ട് വന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

സിൽവി പീറ്റർ, മൂക്കന്നൂർ




എന്റെ സഹോദരന്റെ മകൾക്കു വേണ്ടിയാണ് ഈ സാക്ഷ്യം എഴുതുന്നത്. ഗർഭസ്ഥ ശിശുവായിരുന്നപ്പോൾ നാലാമത്തെ സ്കാനിംഗിൽ കുഞ്ഞിന് ജനിതക വൈകല്യങ്ങൾ ഉണ്ടാകുമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ ഞാൻ ഈശോയോട് പ്രാർത്ഥിച്ചു, അംഗവൈകല്യങ്ങളോ, ബുദ്ധിമാന്ദ്യമോ ഇല്ലാതെ ആരോഗ്യമുള്ള കുഞ്ഞാണ് ജനിക്കുന്നതെങ്കിൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്ന്. ദൈവം എന്റെ പ്രാർത്ഥന കേട്ടു. യാതൊരുവിധ വൈകല്യങ്ങളുമില്ലാതെ ആരോഗ്യമുള്ള കുഞ്ഞിനെ നല്കി ദൈവം അനുഗ്രഹിച്ചു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

റോസിലി കൊച്ചാപ്പു, രണ്ടുകൈ



എന്റെ മകളുടെ കുഞ്ഞിന് ഫിറ്റ്സ് എന്ന രോഗമുണ്ടായിരുന്നു. ഡോക്ടറെ കണ്ട് ചികിത്സിച്ചിരുന്നു. അഞ്ച് വയസ്സ് ആകുമ്പോൾ മാറുമെന്നാണ് പറഞ്ഞത്. വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് പറഞ്ഞ് പ്രാർത്ഥിച്ചിരുന്നു. മൂന്ന് വയസ്സ് ആയപ്പോഴേക്കും കുഞ്ഞിന്റെ അസുഖം പൂർണ്ണമായി മാറി. ഇപ്പോൾ കുഞ്ഞിന് 9 വയസ്സായി. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ് (ലൂക്കാ 1:49).



മേരി സെബാസ്റ്റ്യൻ മുരിങ്ങൂർ



എന്റെ മകൾ ജെയ്മോൾ ഒ.ഇ.ടി പരീക്ഷ പാസാവുകയാണെങ്കിൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചിരുന്നു. പ്രാർത്ഥനയുടെ ഫലമായി മകൾ പാസ്സായി. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ജാൻസി സണ്ണി, കുറുപ്പംപടി



ദൈവനാമമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നേർന്നു. മാതാവിനോട് മാദ്ധ്യസ്ഥം യാചിച്ച് യേശുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥനയുടെ ഫലമായി എന്റെ മകൾ ക്രിസ്റ്റി മരിയായ്ക്ക് ഹോങ്കോങ്ങിൽ ഗവവൺമെന്റ് നേഴ്സായി ജോലി കിട്ടി. ബി.എസ് നേഴാണ്. ഏജൻസി ഇല്ലാതെ ഞങ്ങൾക്ക് യാതൊരു ചിലവും ഇല്ലാതെ, വിസയും വിമാനടിക്കറ്റും താമസസൗകര്യവും എല്ലാം ദൈവം ഫ്രീയായി ഞങ്ങൾക്ക് തന്നു. ഇത്രയും വലിയ അനുഗ്രഹം തന്ന് എന്റെ മോളെ ദൈവം അനുഗ്രഹിച്ചു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

റോസിലി ആന്റോ, വെസ്റ്റ് ചാലക്കുടി



വിശ്വാസത്തോടെ പോട്ട ആശ്രമത്തിൽവന്ന് പ്രാർത്ഥിക്കുകയും ദൈവനാമമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിക്കുകയും ചെയ്തതിന്റെ ഫലമായി എന്റെ മകൻ ദുബായിൽ നല്ല ജോലി ലഭിച്ചു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ജാൻസി ആന്റണി, ബാംഗ്ലൂർ



ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് ഈശോയോട് പ്രാർത്ഥിക്കുകയും മാതാവിനോട് മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്തതിന്റെ ഫലമായി എന്റെ മകൻ അബിന് ഐ.എസ്. ആർ ഒ, സൈന്റിസ്റ്റ് / എൻജിനിയർ ആയി ജോലി ലഭിച്ചു. ഈശോയെ ഈ അനുഗ്രഹത്തിന് ഒരായിരം നന്ദി. യേശുവേ, നന്ദി. യേശുവേ, സ്തോത്രം

കർത്താവിനെ ആശ്രയിക്കുക. അവിടുന്ന് നിന്നെ സഹായിക്കും (പ്രഭാ. 2:6).



നിന്റെ ജീവിതം കർത്താവിന് ഭരമേൽപിക്കുക; കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്ന് നോക്കിക്കൊള്ളും (സങ്കീ. 37:5).

റൂബി, ചാലക്കുടി



എനിക്ക് 2013ൽ വയറുവേദനയും ഛർദ്ദിയും കാരണം സ്കാൻ ചെയ്ത് നോക്കിയപ്പോൾ പിത്തസഞ്ചിയിലെ കല്ല് എടുത്ത് കളയണം എന്ന് പറഞ്ഞു. ഓപ്പറേഷൻ തിയതി എല്ലാം പറഞ്ഞു. പഴുത്ത് പൊട്ടിയാൽ വളരെ ബുദ്ധിമുട്ടാണെന്നും പറഞ്ഞു. ഇതിനുശേഷം എനിക്ക് പനിയും ചുമയും വന്നു മാറുന്നില്ല. ചുമ ഉണ്ടെങ്കിൽ ഓപ്പറേഷൻ ചെയ്യാൻ സാധിക്കില്ലെന്നും പറഞ്ഞു. ആ സമയം മാതാവിനോട് പ്രാർത്ഥിച്ചു. എന്റെ പനിയും ചുമയും മാറി ഓപ്പറേഷൻ ചെയ്യാൻ സാധിച്ചാൽ ഞാൻ വചനോത്സവത്തിൽ പ്രസിദ്ധീകരിക്കാമെന്ന്. മാതാവിന്റെ അനുഗ്രഹവും ഈശോയുടെ കൃപയുംകൊണ്ട് എന്റെ ഓപ്പറേഷൻ കഴിഞ്ഞു. ഞാൻ ഇന്നും വളരെ ആരോഗ്യത്തോടെ ജീവിക്കുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ജെയിംസ് എടപ്പുഴ, ഇരിട്ടി



എന്റെ മകൻ അരുൺ 2019 ജൂൺ 29ന് ഗോവണിയിൽ നിന്നു വീണു ഇടതുകൈക്ക് ഗുരുതരമായ പരിക്കുപറ്റി സർജറി ചെയ്യണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. ഓപ്പറേഷൻ കൂടാതെ സുഖപ്പെട്ടാൽ ദൈവനാമമഹത്വത്തിനായ് വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥം യാചിക്കുകയും ചെയ്തതിന്റെ ഫലമായി ഈശോ എന്റെ മകന്റെ കൈകൾ ഓപ്പറേഷൻ കൂടാതെ സുഖപ്പെടുത്തി അനുഗ്രഹിച്ചു. യേശുവേ, നന്ദി, യേശുവേ, സ്തോത്രം.

തോമസ്, ഗോണിക്കൂപ്പ, കർണ്ണാടക



എനിക്ക് പതിമൂന്ന് വർഷമായി വിട്ടുമാറാത്ത പല്ലു വേദനയായിരുന്നു. ഡോക്ടർമാരെ കണ്ട് മരുന്ന് കഴിച്ചിട്ടും ഫലമുണ്ടായില്ല. ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് വലിയ വിശ്വാസത്തോടെ യേശുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി പല്ലു വേദന മാറി. യേശുവേ, നന്ദി, യേശുവേ, സ്തോത്രം.

ഷില്ലി, കൊരട്ടി



എന്റെ ഭർത്തൃസഹോദരിക്ക് ഒരു ദിവസം ശ്വാസതടസ്സം ഉണ്ടാവുകയും ഡോക്ടറെ കാണുകയും സ്കാൻ ചെയ്യുകയും ചെയ്തപ്പോൾ ശ്വാസകോശത്തിന്റെ പുറമെ ഒരു സിസ്റ്റ് ഉണ്ടെന്ന് അറിയുകയും അത് ക്യാൻസർ ആവാൻ സാദ്ധ്യതയുണ്ടെന്ന് പറയുകയും ചെയ്തു. പിന്നീട് അത് ഓപ്പറേഷൻ ചെയ്ത് ബയോപ്സിക്ക് അയയ്ക്കുകയും ചെയ്തു. ബയോപ്സി റിസൽട്ട് വരുമ്പോൾ ക്യാൻസറിന്റെ ലക്ഷണങ്ങളൊന്നും ഉണ്ടാവരുതേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് 60 വയസ്സുള്ള സഹോദരിക്ക് വേണ്ടി 60 കൊന്ത ചൊല്ലുകയും വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നേർന്ന് ഈശോയോടും മാതാവിനോടും പ്രാർത്ഥിച്ചതിന്റെ ഫലമായി എല്ലാം നോർമ്മലായി കർത്താവ് സൗഖ്യം തന്ന് അനുഗ്രഹിച്ചു. ദൈവമഹത്ത്വത്തിനായി ഈ സൗഖ്യം വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. ആറുവർഷമായി ഇപ്പോൾ സുഖമായിരിക്കുന്നു.യേശുവേ, നന്ദി, യേശുവേ, സ്തോത്രം.

ദൈവമേ, അങ്ങയുടെ കാരുണ്യം ആകാശത്തോളവും അങ്ങയുടെ വിശ്വസ്തത മേഘങ്ങളോളവും വലുതാണ് (സങ്കീ. 57:10).

റെമി ആന്റണി, വരന്തരപ്പിള്ളി



ഞാൻ എന്റെ മകൻ സാൽമോ ഫ്രാൻസിനു വേണ്ടിയാണ് സാക്ഷ്യം എഴുതുന്നത്. എന്റെ മകനെ ഗർഭിണിയായിരിക്കുമ്പോൾ എനിക്ക് ഹൈ ലെവൽ ഷുഗറും ഗർഭപാത്രത്തിൽ വെള്ളക്കൂടുതലും ഉണ്ടായിരുന്നു. പ്രസവശേഷം മകൻ തല പുറകോട്ട് തിരിഞ്ഞ് വളഞ്ഞുകിടക്കുമായിരുന്നു. ഡോക്ടറിന്റെ നിർദ്ദേശപ്രകാരം ഒരു ബ്ലഡ് ടെസ്റ്റ് ചെയ്യണം എന്നും അത് അമൃത ഹോസ്പിറ്റലിലേക്ക് പോകണം എന്നും പറഞ്ഞു. തുടർന്നുള്ള ചികിത്സ അവിടെ ചെയ്യണം എന്നും പറഞ്ഞു. കൈയിൽ പൈസ കരുതാനും പറഞ്ഞു. ഞങ്ങൾ വാടകയ്ക്കാണ് താമസിക്കുന്നത്. പണം ഒന്നും ഞങ്ങളുടെ കൈവശം ഉണ്ടായിരുന്നില്ല. ബ്ലഡ് ടെസ്റ്റ് നടത്താൻ ഒരു ടീച്ചർ സഹായിച്ചു. അതിനു മുമ്പ് ഞാൻ ഈശോയോട് ഇങ്ങനെ പ്രാർത്ഥിച്ചു. ഈ ടെസ്റ്റ് നെഗറ്റീവ് ആയാൽ ഞാൻ വചനോത്സവത്തിൽ സാക്ഷ്യം നല്കാമെന്ന്. ടെസ്റ്റ് നടത്തി റിസൽട്ട് നെഗറ്റീവ് ആവുകയും അതിനുശേഷം തല നേരെയാവുകയും സാധാരണ കുട്ടികളുടെപോലെ കിടക്കുവാനും തുടങ്ങി. ഇന്ന് മകന് 11 വയസ്സുണ്ട്. പൂർണ്ണ ആരോഗ്യവാനുമാണ്. ഈ അനുഗ്രഹം തന്ന ഈശോയ്ക്കും മാതാവിനും നന്ദിയും സ്തുതിയും അർപ്പിക്കുന്നു. യേശുവേ, നന്ദി. യേശുവേ സ്തോത്രം.

ഉഷ തോമസ്, വരന്തരപ്പിള്ളി



വിശ്വാസത്തോടെ നിരന്തരം ഈശോയോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൾക്ക് ഗവൺമെന്റ് ജോലി നല്കി ദൈവം അനുഗ്രഹിച്ചു. വിശുദ്ധ യൗസേപ്പിതാവിനോടും പരിശുദ്ധ അമ്മയോടും ഒരുപാട് നന്ദി പറയുന്നു. ദൈവമഹത്ത്വത്തിനായി ഈ അനുഗ്രഹം വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ജെസ്സി വർഗ്ഗീസ്, ഇരിങ്ങാലക്കുട



ഞങ്ങളുടെ മകൾ നീനയ്ക്ക് 2016 മുതൽ എന്നും ഓരോരോ രോഗങ്ങളായിരുന്നു. എന്നും ചുമയുണ്ടാകുമായിരുന്നു. മൂന്നാമതൊരു ഡോക്ടറെ കാണിച്ചപ്പോഴാണ് തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തനം ശരിയല്ലെന്നറിഞ്ഞത്. പിന്നീട് മറ്റൊരു ഡോക്ടറെ കാണിച്ച് തൈറോയ്ഡിനുള്ള മരുന്നുകൾ കഴിച്ചു. പക്ഷേ വീണ്ടും ബുദ്ധിമുട്ടുകൾ കൂടുകയായിരുന്നു. ഭക്ഷണം കഴിക്കാനും സംസാരിക്കാനും ബുദ്ധിമുട്ടായി തുടങ്ങി. എപ്പോഴും ചുമതന്നെ. മറ്റൊരു ഡോക്ടറുടെ നിർദ്ദേശപ്രകാരം 2018 ജനുവരിയിൽ തൈറോയ്ഡ് ഒരു ഭാഗം ഓപ്പറേഷൻ ചെയ്തു. ടെസ്റ്റ് റിസൽട്ട് വന്നപ്പോൾ ക്യാൻസർ ആണെന്നറിഞ്ഞു. പിന്നീട് ബാക്കി തൈറോയ്ഡ് രണ്ടാമത്തെ ഓപ്പറേഷനിലൂടെ നീക്കം ചെയ്തു. ഇതിനിടയിൽ ഞങ്ങൾ നീനയോടൊപ്പം മൂന്നുതവണ ധ്യാനം കൂടിയിരുന്നു. കർത്താവ് അവളെ സുഖപ്പെടുത്തുന്നുണ്ടെന്ന സന്ദേശം കിട്ടി. 2019 അവസാനത്തോടെ അവളുടെ അസുഖം ഭേദമായി. ഞങ്ങൾ സാക്ഷ്യം പറയുകയും ചെയ്തു. 2022ൽ അവളുടെ വിവാഹം കഴിഞ്ഞു. വിവാഹം കഴിഞ്ഞ ഉടനെതന്നെ കാൻസറിന് ഒരു ചികിത്സ കൂടി എടുക്കേണ്ടി വന്നു. പിന്നീട് ഒരു വർഷക്കാലം കുഞ്ഞുങ്ങളുണ്ടാവാൻ പാടില്ലായിരുന്നു. 2024 ഒക്ടോബറിൽ നീന ഗർഭിണിയാണെന്നറിഞ്ഞു. ഗർഭകാലം പ്രസവംവരെ വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്ന് ഡോക്ടർ നേരത്തെതന്നെ സൂചിപ്പിച്ചിരുന്നു. കുഞ്ഞിനെ കിട്ടാനും ബുദ്ധിമുട്ടായിരിക്കുമെന്നും പറഞ്ഞിരുന്നു. എപ്പോൾ വേണമെങ്കിലും അബോർഷനുണ്ടാകുമെന്നും പറഞ്ഞിരുന്നു. ഞങ്ങൾ കുടുംബംമുഴുവനും പ്രാർത്ഥനയിലായിരുന്നു. എല്ലാവരോടും പ്രാർത്ഥനാസഹായം അപേക്ഷിച്ചിരുന്നു. ഒമ്പതാംമാസത്തിൽ രണ്ടുതവണ കുഞ്ഞിന് അനക്കമില്ലാതെ അഡ്മിറ്റ് ചെയ്തു. രണ്ടാം തവണ കുഞ്ഞിന് വളർച്ചക്കുറവുണ്ട് എന്നു പറഞ്ഞു. ഞങ്ങൾ പ്രാർത്ഥിച്ചു. പൂർണ്ണ ആരോഗ്യമുള്ള കുഞ്ഞിനെ നല്കി അനുഗ്രഹിച്ചാൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ചു. പ്രാർത്ഥനയുടെ ഫലമായി യാതൊരു കുഴപ്പവുമില്ലാത്ത ആരോഗ്യമുള്ള ഒരു കുഞ്ഞിനെ ദൈവം എന്റെ മകൾക്ക് കൊടുത്തു. യേശുവേ നന്ദി. യേശുവേ, സ്തോത്രം.

നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും (ഏശ 58:9).

ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്ക 1:37)

ജീൻ റാഫേൽ



എന്റെ മകൾ ഓഷിൻ റാഫേൽ എം.ബി.ബി.എസ് മൂന്നാം വർഷ പരീക്ഷയിൽ നല്ല മാർക്ക് വാങ്ങി പാസായി. ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് ദൈവത്തോട് പ്രാർത്ഥിച്ചിരുന്നു. യേശുവേ, നന്ദി. യേശുവേ സ്തോത്രം.

ജെയ്സൺ ജെയിംസ്, കല്ലേറ്റുംകര



എന്റെ മകന് ഒരു ജോലി ലഭിക്കുകയാണെങ്കിൽ ദൈവമഹത്ത്വത്തിനായി സാക്ഷ്യപ്പെടുത്താമെന്ന് തീരുമാനിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ദുബായിൽ ജോലി ലഭിച്ചു. ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

വത്സ, പാറേക്കാട്ടുകര



എന്റെ മകനുവേണ്ടിയാണ് ഈ സാക്ഷ്യം എഴുതുന്നത്. എന്റെ മകൻ പഠനത്തിൽ വളരെ പുറകിലായിരുന്നു. പത്താംക്ലാസ്സിൽ പഠിക്കുമ്പോൾ അവന് പഠിക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. പരിശുദ്ധ അമ്മയോടും ഈശോയോടും പ്രാർത്ഥിക്കുകയും നല്ല മാർക്കോടെ പാസ്സായാൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി മകന് ഉന്നതവിജയം ലഭിച്ചു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

രാധ, മാപ്രാണം



എന്റെ പേരക്കുട്ടി പ്ലസ് വണ്ണിന് പഠിച്ചുകൊണ്ടിരിക്കുമ്പോൾ തൊണ്ടയിൽ കുരുക്കളും പനിയും വന്നു. പരീക്ഷ കഴിയുന്നതുവരെ ഈ രോഗം മാറിപ്പോകാൻ ഞങ്ങൾ ഈശോയോട് പ്രാർത്ഥിച്ചു. ഇത് മാറിയാൽ വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ചു. പ്രാർത്ഥനയുടെ ഫലമായി പ്ലസ് വൺ പരീക്ഷയിൽ ഉയർന്ന മാർക്ക് ലഭിച്ചു. അതിനുശേഷം ഈ അസുഖം ഉണ്ടായിട്ടില്ല. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഉണ്ടായിരുന്ന തടസ്സവും മാറിക്കിട്ടി. യേശുവേ, നന്ദി, യേശുവേ, സ്തോത്രം.

ദയവായി ശ്രദ്ധിക്കുക

വചനോത്സവത്തിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന ലേഖനങ്ങളും സാക്ഷ്യങ്ങളും വൃത്തിയായി എഴുതി അയയ്ക്കുക. അയയ്ക്കുന്ന വ്യക്തിയുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും തെളിച്ചമുള്ള ഫോട്ടോയും നിർബന്ധമായും ചേർക്കേണ്ടതാണ്. രോഗശാന്തി സാക്ഷ്യത്തോടൊപ്പം ഇടവക വികാരിയുടെയോ ചികിത്സിച്ച ഡോക്ടറുടെയോ സർട്ടിഫിക്കറ്റു കൂടി അയക്കേണ്ടതാണ്. മറ്റ് അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്കും അത് അയച്ചു തരാവുന്നതാണ്. വചനോത്സവം ഓഫീസിൽ ലഭിക്കുന്ന അനേകം സാക്ഷ്യങ്ങളിൽ ദൈവമഹത്ത്വത്തിനും, ദൈവമക്കളുടെ വിശ്വാസവർദ്ധനവിനും ഉതകുന്നവ പ്രാർത്ഥനാപൂർവ്വം വിവേചിച്ചതിനുശേഷമാണ് പ്രസിദ്ധീകരിക്കുക. സാക്ഷ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് സൗജന്യമായിട്ടാണ്. എന്നാൽ കൃതജ്ഞതയായി എല്ലാ മാസവും ദശാംശത്തിൽ നിന്ന് ഒരോഹരി മാറ്റിവച്ച് പ്രേഷിത ശുശ്രൂഷയായി വചനോത്സവം വിതരണം ചെയ്യുകയോ, വചനോത്സവം ശുശ്രൂഷയ്ക്കായി നല്കുകയോ ചെയ്യുന്നത് ഉചിതമാണ്. നിങ്ങൾ അയയ്ക്കുന്ന പ്രാർത്ഥനാനിയോഗങ്ങൾ വചനോത്സവം മദ്ധ്യസ്ഥ പ്രാർത്ഥനാ കൂട്ടായ്മയിൽ പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കുന്നതാണ്.

അയയ്ക്കേണ്ട വിലാസം - എഡിറ്റർ, വചനോത്സവം, പോട്ട - 680 722, ചാലക്കുടി

ഈ മാസിക വായിച്ചതിനുശേഷം മറ്റൊരു വ്യക്തിക്കോ, കുടുംബത്തിനോ നല്കി വചനോത്സവം പ്രേഷിതരാവുക.



മനുഷ്യരുടെ മുമ്പിൽ എന്നെ
ഏറ്റുപറയുന്നവനെ എന്റെ
സ്വർഗസ്ഥനായ
പിതാവിന്റെ മുമ്പിൽ ഞാനും
ഏറ്റുപറയും (മത്താ 10 : 32)

വചനോത്സവം
ജില്ലാതല പ്രേഷിത സംഗമം 2026

യേശുവിൽ പ്രിയ സഹോദരങ്ങളേ, വചനോത്സവം ജില്ലാതല സംഗമത്തിലേക്ക് എല്ലാ വചനോത്സവം പ്രേഷിതരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ദൈവം വചനോത്സവത്തിലൂടെ കഴിഞ്ഞ കാലങ്ങളിൽ നല്കിയ അനുഗ്രഹങ്ങൾക്ക് നമുക്കൊരുമിച്ച് നന്ദിപറയുകയും ഭാവിശുശ്രൂഷകളെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യാം. പങ്കെടുക്കുന്നവർ 9447696622 എന്ന ഓഫീസ് നമ്പറിലോ, ജില്ലാ കോ-ഓർഡിനേറ്റർമാരെയോ അറിയിക്കേണ്ടതാണ്. വചനോത്സവം ബുക്ക് ചെയ്യാനും വരിസംഖ്യ അടയ്ക്കാനും കുടിശ്ശിക തീർക്കാനുമുള്ള സൗകര്യം ഉണ്ടായിരിക്കും. നിങ്ങളുടെ അറിവിലും പരിചയത്തിലുമുള്ള മറ്റ് പ്രേഷിതരേയും പുതിയ പ്രേഷിതരാകുവാൻ താൽപര്യമുള്ളവരെയും സംഗമത്തിലേക്ക് കൂട്ടികൊണ്ടു വരണമെന്ന് അപേക്ഷിക്കുന്നു.

സ്നേഹപൂർവ്വം, ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി. സി., ചീഫ് എഡിറ്റർ, വചനോത്സവം

ജില്ല	തീയതി	സ്ഥലം	വിശദവിവരങ്ങൾക്ക്
തിരുവനന്തപുരം	ആഗസ്റ്റ് 1	ഡിപോൾ കെയർ സെന്റർ, കുമാരപുരം	ജോസ് 9895512826
പത്തനംതിട്ട	ആഗസ്റ്റ് 8	സെന്റ് പീറ്റേഴ്സ് മലങ്കര കത്തീഡ്രൽ, പത്തനംതിട്ട	സക്കറിയ 8590395354
ആലപ്പുഴ	ആഗസ്റ്റ് 15	സെന്റ് മേരീസ് മലങ്കര ചർച്ച്, ഗടഞഠഇ ക്ക് സമീപം ആലപുഴ	ജോസഫ് 9995134533
വയനാട്	ആഗസ്റ്റ് 22	സെന്റ് ജൂഡ് ചർച്ച്, പനമരം	ബെന്നി 9947370663
കോഴിക്കോട്	ആഗസ്റ്റ് 29	അഡോറേഷൻ പ്രൊവിൻഷ്യൽ ഹൗസ് താമരശ്ശേരി	ഔസേപ്പച്ചൻ 8606753664

സംഗമം രാവിലെ 9.30ന് ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിക്ക് ഭക്ഷണത്തോടെ അവസാനിക്കുന്നതാണ്

നമ്മോടു വാഗ്ദാനം ചെയ്തിരിക്കുന്നവൻ വിശ്വസ്തനാകയാൽ നമ്മുടെ പ്രത്യാശ ഏറ്റുപറയുന്നതിൽ നാം സ്ഥിരതയുള്ളവരായിരിക്കണം (ഹെബ്രാ. 10:23)



വിശുദ്ധ ഇഗ്നേഷ്യസ് ലയോള



ജോയ് പൈനാടത്ത്

1491-ൽ ജനിച്ച ഇഗ്നേഷ്യസ് ലയോളയ്ക്ക് വളരെ തുച്ഛമായ വിദ്യാഭ്യാസം മാത്രമേ ലഭിച്ചുള്ളൂ. കൗമാരപ്രായത്തിൽ അദ്ദേഹത്തെ അരഗോണിലെ രാജാവ് ഫെർഡിനാൻഡിന്റെ ചീഫ് ട്രഷററുടെ വീട്ടിലേക്ക് അയച്ചു, അവിടെ അദ്ദേഹം ഒരു കൊട്ടാരം ഉദ്യോഗസ്ഥനായി പരിശീലനം നേടി. അവിടെ അദ്ദേഹം വളരെ സ്വതന്ത്രവും ബഹളമയവുമായ ജീവിതം നയിച്ചു. തുടർന്ന് 1517-ൽ ഇഗ്നേഷ്യസ് ലയോള സൈനിക സേവനത്തിൽ പ്രവേശിച്ചു. ഫ്രഞ്ചുകാരിൽ നിന്ന് പാംപ്ലോണയിലെ ഒരു കോട്ടയെ പ്രതിരോധിക്കാൻ ശ്രമിക്കുന്നതിനിടെ ഒരു പീരങ്കിയുണ്ടയാൽ പരിക്കേറ്റപ്പോൾ അദ്ദേഹത്തിന്റെ സൈനിക ജീവിതം ഉപേക്ഷിച്ചു.

മുറിവുകളിൽ നിന്ന് സുഖംപ്രാപിക്കുന്നതിനായി അദ്ദേഹത്തെ കൊട്ടാരത്തിലേക്ക് കൊണ്ടുപോയി. അസുഖമായി കിടക്കുമ്പോൾ സമയം കളയുന്നതിനുവേണ്ടി വായിക്കാൻ പുസ്തകങ്ങൾ ആവശ്യപ്പെട്ടു. വിശുദ്ധന്മാരെക്കുറിച്ചുള്ള ഒരു പുസ്തകവും ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള മറ്റൊരു പുസ്തകവും അദ്ദേഹത്തിന് നൽകി. വിശുദ്ധന്മാരെപ്പോലെ തന്നെ വീരകൃത്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ചിന്തിച്ചപ്പോൾ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു സമാധാനവും സംതൃപ്തിയും അദ്ദേഹം കണ്ടു. എന്നാൽ സ്ത്രീകളെ പ്രണയിക്കുന്നതും മഹത്തായ സൈനിക സ്ഥാനങ്ങൾ നേടുന്നതിനെക്കുറിച്ചു ചിന്തിച്ചപ്പോൾ അദ്ദേഹത്തിന് ശൂന്യതയും വിരക്തിയും തോന്നി. തനിക്ക് സമാധാനം ദൈവത്തിൽ നിന്നാണ് വരുന്നതെന്ന് വിശ്വസിക്കാൻ അദ്ദേഹം പഠിച്ചു. അങ്ങനെ സുഖം പ്രാപിച്ച ശേഷം, ക്രിസ്തു ജീവിച്ചിരുന്നതും പ്രസംഗിച്ചതും കഷ്ടപ്പെട്ടതും മരിച്ചതും ഉയിർത്തെഴുന്നേറ്റതുമായ സ്ഥലങ്ങൾ സന്ദർശിച്ച് തന്റെ ജീവിതകാലം മുഴുവൻ ചെലവഴിക്കാൻ ജറുസലേമിലേക്ക് ഒരു മത തീർത്ഥാടനം നടത്താൻ അദ്ദേഹം തീരുമാനിച്ചു.

കാറ്റലോണിയയിലെ ഒരു ബെനഡിക്റ്റൈൻ ആശ്രമത്തിലായിരുന്നു അദ്ദേഹത്തിന്റെ ആദ്യ കാലം കഴിച്ചുകൂട്ടിയത്. അവിടെ അദ്ദേഹം ഒരു രാത്രി പ്രാർത്ഥനയിൽ ചെലവഴിച്ചു, ബ്ലാക്ക് മഡോണയുടെ പ്രതിമയ്ക്ക് മുന്നിൽ തന്റെ വാളും കഠാരയും താഴെ വച്ചു. യാചക വസ്ത്രത്തിൽ, അടുത്തുള്ള ഒരു ചെറിയ പട്ടണമായ മൻറേസയിലേക്ക് അദ്ദേഹം യാത്ര ചെയ്തു. കുറച്ച് ദിവസങ്ങൾ മാത്രം താമസിക്കാൻ പദ്ധതിയിട്ട അദ്ദേഹം ഒരു വർഷം അവിടെ തുടർന്നു. ആ സമയത്ത് അദ്ദേഹത്തിന് വലിയ ദുരിതവും ആത്മാവിന്റെ വരൾച്ചയും അനുഭവപ്പെട്ടു. എന്നിരുന്നാലും, അദ്ദേഹത്തിന്റെ ശാന്തത തിരിച്ചെത്തിയപ്പോൾ, അദ്ദേഹത്തിന് വലിയ ആന്തരിക പ്രബുദ്ധത അനുഭവിക്കാൻ തുടങ്ങി. ഒരു ദിവസം, പട്ടണത്തിലൂടെ ഒഴുകുന്ന ഒരു നദിയുടെ തീരത്ത്, ഇഗ്നേഷ്യസിന് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ദർശനം ലഭിച്ചു. മറ്റുള്ളവരെ സഹായിക്കുന്നതിനാണ് തന്റെ മതപരമായ അനുഭവങ്ങൾ തനിക്ക് ലഭിച്ചതെന്ന് അദ്ദേഹം കരുതി

ഒടുവിൽ ഇഗ്നേഷ്യസ് ജറുസലേമിൽ എത്തിയപ്പോൾ, തന്റെ ജീവിതകാലം മുഴുവൻ പുണ്യസ്ഥലങ്ങൾ സന്ദർശിക്കാനുള്ള ആഗ്രഹം അദ്ദേഹത്തിന് ഉറപ്പായി.

1524-ൽ, കൂട്ടുകാരോടൊത്ത് വ്യാകരണ പഠനം ആരംഭിച്ചു. ബിരുദം നേടിയശേഷം, ജറുസലേമിലേക്ക് തീർത്ഥാടകരുടെ ഒരു കൂട്ടമായി പോകാനും സഭയ്ക്ക്

ഏറ്റവും നല്ലത് മാർപ്പാപ്പയ്ക്ക് സ്വയം സമർപ്പിക്കാനും പ്രതിജ്ഞയെടുത്തു. അതിനായി 1534-ൽ അവർ ജറുസലേമിലേക്ക് പോയി ദാരിദ്ര്യ ജീവിതം നയിക്കുമെന്ന് പ്രതിജ്ഞയെടുത്തു.

ലാസ്റ്റോർട്ടയിൽ വച്ച്, അവർ ഒരു ചെറിയ ചാപ്പലിൽ പ്രാർത്ഥിക്കാൻ നിന്നു. പ്രാർത്ഥിക്കുന്നതിനിടയിൽ, ഇഗ്നേഷ്യസിന് ഏറ്റവും അറിയപ്പെടുന്ന ഒരു പ്രകാശം ലഭിച്ചു. പിതാവിനൊപ്പം കുരിശ് വഹിക്കുന്ന യേശുവിന്റെ ഒരു ദർശനം അദ്ദേഹത്തിന് ലഭിച്ചു. യേശു ഇഗ്നേഷ്യസിനോട് പറഞ്ഞു, 'നീ ഞങ്ങളെ സേവിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.' പിതാവ് കൂട്ടിച്ചേർത്തു, 'റോമിൽ ഞാൻ നിനക്ക് അനുഗ്രഹം നൽകും.

സഭയിൽ ഒരു പുതിയ മതക്രമം രൂപീകരിക്കാൻ പോപ്പിനോട് അപേക്ഷിക്കാൻ അവർ ഏകകണ്ഠമായ തീരുമാനത്തിലെത്തി. പരമ്പരാഗത സന്യാസ സമൂഹങ്ങളിൽ നിന്ന് ഇത് വ്യത്യസ്തമായിരിക്കും. പോപ്പ് അയയ്ക്കുന്നിടത്തേക്ക് പോകുമെന്ന് അവർ പ്രതിജ്ഞയെടുക്കും. ആശ്രമം അവരുടെ വീടായിരിക്കില്ല, ലോകം അവരുടെ വീടായിരിക്കും. അവരെ യേശുവിന്റെ കൂട്ടാളികൾ എന്ന് വിളിക്കും.

1540 സെപ്റ്റംബർ 27-ന്, കത്തോലിക്കാ സഭയിലെ ഒരു മതസമൂഹമായി ഈ പണ്ഡിത സംഘത്തെ പോപ്പ് അംഗീകരിച്ചു. ഇഗ്നേഷ്യസിനെ അവരുടെ മത മേധാവിയായി തിരഞ്ഞെടുത്തു. ഗ്രൂപ്പിന്റെ ശുശ്രൂഷ ഏകോപിപ്പിക്കുക, അവരെ അവർ ആവശ്യപ്പെടുന്നിടത്തേക്കോ ആവശ്യമുള്ളിടത്തേക്കോ അയയ്ക്കുക, എന്നിവയായിരുന്നു ദൗത്യം.

സൊസൈറ്റി ഓഫ് ജീസസിന്റെ ആദ്യത്തെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടതു മുതൽ 1556 ജൂലൈ 31-ന് മരിക്കുന്നതുവരെയുള്ള വർഷങ്ങളിൽ, ഇഗ്നേഷ്യസ് ഒരു സമർത്ഥനായ തന്ത്രജ്ഞനായി മാറി. ഇഗ്നേഷ്യസ് തന്റെ ആളുകളെക്കൊണ്ട് അവർ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് കത്തുകൾ എഴുതിപ്പിച്ചു. അദ്ദേഹം ഈ കത്തുകൾ മറ്റ് ജെസ്യൂട്ടുകളുമായി പങ്കുവെക്കുകയും എഴുതിയവർക്ക് വ്യക്തിപരമായി മറുപടി നല്കുകയും ചെയ്യുമായിരുന്നു. തന്റെ ജീവിതകാലത്ത്, ഇഗ്നേഷ്യസ് ആത്മീയ മാർഗനിർദേശം തേടുന്ന നിരവധി സാധാരണക്കാർക്കും സ്ത്രീകൾക്കും ആയിരക്കണക്കിന് കത്തുകൾ എഴുതി. 1556-ൽ അദ്ദേഹം മരിക്കുമ്പോഴേക്കും സൊസൈറ്റി ഓഫ് ജീസസിലെ അംഗത്വം ആയിരമായി വളർന്നു. 1622-ൽ സെന്റ് ഫ്രാൻസിസ് സേവ്യറിനൊപ്പം ഇഗ്നേഷ്യസിനെ വിശുദ്ധനായി പ്രഖ്യാപിച്ചു.



ശുശ്രൂഷകളെ സഹായിക്കാൻ

MO/DD/Cheque: Resource Campaign Cell **എന്ന പേരിൽ ചാലക്കുടിയിൽ മാറാനാവും വിധം മാനേജർ, വചനോത്സവം, പോട്ട – 680 722, ചാലക്കുടി, എന്ന വിലാസത്തിൽ അയയ്ക്കുക.**

ബാങ്കു വഴി പണമടയ്ക്കാൻ

Account Name : Resource Campaign Cell
Bank A/c No. : 0012053000011707
Bank Name : South Indian Bank, Chalakudy
IFSC : SIBL0000012

സന്തോഷപൂർവ്വം നല്കുന്നവരെ ദൈവം സ്നേഹിക്കുന്നു (2 കോറി. 9:7).

യേശുവിൽ പ്രിയമുള്ളവരെ,

വചനോത്സവത്തിന്റെ നിലനിൽപ്പിനും നടത്തിപ്പിനും സാമ്പത്തികമായി സഹായിക്കുന്ന എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. അച്ചടിമാധ്യമമേഖല പൊതുവെ പ്രതിസന്ധിയിലായിരിക്കുന്ന ഈ കാലയളവിലും വചനോത്സവശുശ്രൂഷ തുടരാൻ കഴിയുന്നത് നിങ്ങളുടെ വിലയേറിയ സാമ്പത്തികസഹായം കൊണ്ടാണ്. ദൈവരാജ്യശുശ്രൂഷയിൽ പങ്കുകാരാകുന്ന നിങ്ങളെ വാഗ്ദാനപ്രകാരം (ലൂക്കാ 6: 38) ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. തുടർന്നും സഹായിക്കാൻ പാകത്തിന് ദൈവം നിങ്ങളുടെ വരുമാനമാർഗ്ഗങ്ങളെ ആശീർവ്വദിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യട്ടെ.

മാനേജർ

പണമിടപാടുകൾക്ക് QRCode ഉപയോഗപ്പെടുത്തുക.
പണമടച്ചശേഷം അറിയിക്കാൻ (Phone/sms/WhatsApp - 9447696622) മറക്കരുത്.





അനു ഫ്രാൻസിസ്



ഈശോയിൽ ഉത്തരമുണ്ട്

ദൈവത്തിന് സ്തുതി.

നമ്മുടെ ലോകം വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ചിന്തകളും പ്രവർത്തികളും, ജീവിതശൈലിയും, പ്രത്യേകിച്ച് കുട്ടികളെ വളർത്തുന്ന രീതികളും മുമ്പത്തേതിനേക്കാൾ ഏറെ മാറിപ്പോയിരിക്കുന്നു. ഇതെല്ലാം ഓർക്കുമ്പോൾതന്നെ ഉള്ളിൽ ഒരു ഭയം തോന്നാറുണ്ട്.

നമ്മുടെ കുട്ടികളുടെ ഭാവി എന്തായിരിക്കും?

മാതാപിതാക്കളുടെ കാലം കഴിഞ്ഞാൽ, നമ്മുടെ കുട്ടികൾ പള്ളികളിൽ കയറുമോ? കുറഞ്ഞത് ഞായറാഴ്ചകളിലെങ്കിലും കുർബാനകളിൽ പങ്കെടുക്കുമോ? നമ്മെ ഏറെ ചിന്തിപ്പിക്കുകയും പല ആശങ്കകളും ഉണർത്തുകയും ചെയ്യുന്ന ചോദ്യങ്ങളാണിവ.

ഇന്നത്തെ യുവതലമുറയിലെ കുട്ടികൾ ചോദിക്കുന്ന ചിലചോദ്യങ്ങൾക്കു മുന്നിൽ നാം പലപ്പോഴും ഉത്തരമില്ലാതെ പകച്ചു നിൽക്കേണ്ടിവരുന്നു.

ഒരുദിവസം എന്റെ 14 വയസ്സുള്ള മകൾ എന്നോടു ചോദിച്ചു:

ഈശോ നമ്മെ എല്ലാവരെയും സ്നേഹിക്കാനും കുറ്റങ്ങൾ ക്ഷമിക്കാനുമല്ലേ പഠിപ്പിച്ചിരിക്കുന്നത്? എന്നാൽ സാത്താനോട് നമുക്ക് ക്ഷമിക്കാനാകാത്തത് എന്തുകൊണ്ടാണ്?

അന്ന് ഒരുനിമിഷംഞാൻ സ്തംഭിച്ചുപോയി. മറുപടി പറയണമെന്നുണ്ടായിരുന്നു, പക്ഷേ എങ്ങനെ എന്നറിയില്ല.

ഇന്നത്തെ യുവതലമുറ ChatGPT പോലുള്ള ടൂളുകളിൽനിന്ന് സഹായവും ഉപദേശവും തേടുകയാണ്. ശരിയും തെറ്റും എന്താണെന്ന് അവരാണ് അവർക്കു വിശദീകരിക്കുന്നത്. മാതാ

പിതാക്കൾ പറഞ്ഞുകൊടുക്കുന്ന കാര്യങ്ങൾ പോലും പലപ്പോഴും അവർക്കു ഉൾക്കൊള്ളാൻ കഴിയുന്നില്ല.

പലപ്പോഴും അവർ പറയും:

അമ്മേ, ChatGPT ഇങ്ങനെ പറഞ്ഞല്ലോ.

ഇത് ചോദ്യങ്ങളുടെയും വിശദീകരണങ്ങളുടെയും കാലമാണ്. കുട്ടികൾ എല്ലാത്തിനും എന്തുകൊണ്ട്? എന്ന് ചോദിക്കും. എന്നാൽ ഓരോ ചോദ്യത്തിനും യുക്തിപരമായ വിശദീകരണം നല്കാൻ വേണ്ടത്ര അറിവ് എന്നെ പോലുള്ള ഒരു സാധാരണ അമ്മയ്ക്ക് എപ്പോഴും ഉണ്ടാകുമോ എന്ന സംശയം എനിക്കുണ്ട്.

പരീക്ഷയ്ക്കായി തയ്യാറെടുക്കുമ്പോൾ എന്റെ മകൾ പലപ്പോഴും എന്നോടുചോദിക്കും:

ഞാൻ ഇപ്പോൾ പ്രാർത്ഥിച്ചാൽ ഈശോ പരീക്ഷയിൽ എന്നെ സഹായിക്കുമോ?

ഞാൻ പറയും: ഈശോ സഹായിക്കും, പക്ഷേ നീ പഠിച്ചുകൊണ്ടും ശ്രമിക്കണം. പക്ഷേ പരീക്ഷ വളരെ കഠിനമായാൽ അവൾ പറയും: കണ്ടോ അമ്മേ, ഈശോ ഒന്നും സഹായിച്ചില്ല!

ചിലപ്പോൾ ഒരു പരീക്ഷയിലെ മാർക്ക് കുറഞ്ഞു പോയാൽതന്നെ കുട്ടികൾക്ക് പ്രാർത്ഥനയോടുള്ള വിശ്വാസം നഷ്ടപ്പെടുന്നു. അതുകൊണ്ട്, നമ്മൾ എപ്പോഴും അവർക്കു ഈശോയുടെ സ്നേഹത്തെയും കരുതലിനെയുംകുറിച്ച് പറഞ്ഞുകൊണ്ടിരിക്കണം. ചിലപ്പോൾ ഒരു ചെറിയ അനുഭവം കൊണ്ടുതന്നെ, കുട്ടികൾക്ക് ഈശോയുമായുള്ള ഒരു ആത്മബന്ധം ഉണ്ടാക്കി എടുക്കാൻ സാധിക്കും. മാതാപിതാക്കൾ കുട്ടികളെ പൂർണ്ണമായും ഈശോയ്ക്ക് വിട്ടുകൊടുക്കണം.

ചിലപ്പോഴൊക്കെ എനിക്ക് തോന്നാറുണ്ട്, ഈശോ സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് ചെറിയ കുട്ടികളുടെ കുസൃതികളും രസകരമായ സംസാരങ്ങളും കണ്ടു ചിരിച്ചുകൊണ്ടും ആസ്വദിച്ചുകൊണ്ടും ഇരിക്കുമായിരിക്കുമെന്ന്.

ഈശോയ്ക്ക് കുട്ടികളോടു അപാരമായ സ്നേഹവും കരുതലും ഉണ്ട്. ബൈബിളിൽ തന്നെ നിരവധി ഉദാഹരണങ്ങൾ കാണാം: കുട്ടികളെ എന്റെ അടുക്കലേക്കു വരാൻ വിടു; അവരെ തടയരുത് (മത്താ 19:14). ഈശോ കുട്ടികളെ സന്തോഷത്തോടെ തന്റെ അടുക്കൽ വിളിക്കുന്നു

ഈശോ കുട്ടികളെ കയ്യിലെടുത്ത് അനുഗ്രഹിച്ചു (മാർക്കോസ് 10:14-16) (കുട്ടികൾ ഈശോയ്ക്ക് എത്രമാത്രം പ്രിയപ്പെട്ടവരാണെന്ന് ഇതിലൂടെ വ്യക്തമാണ്.) ദൈവരാജ്യം ഇത്തരം കുട്ടികളുടേതാണ് (ലൂക്കാ 18:16) (കുട്ടികളുടെ ലളിതഹൃദയം ഈശോയ്ക്ക് വളരെ പ്രിയമാണ്).

ഒരുകുഞ്ഞിനെ സ്വീകരിക്കുന്നത് ഈശോയെ സ്വീകരിക്കുന്നതു പോലെയാണ്.

കുട്ടികളെ ബഹുമാനിക്കുന്നത് ദൈവത്തെ ബഹുമാനിക്കുന്നതുപോലെയാണ് (മത്തായി 18:5).

വിൻസെൻഷ്യൻ ധ്യാനകേന്ദ്രങ്ങളിലെ ശുശ്രൂഷകൾ

ഡിവൈൻ ധ്യാനകേന്ദ്രം മുരിങ്ങൂർ
ഫോൺ: 0480 2708413.2708513, 7560958453
മലയാളം ധ്യാനം എല്ലാ ഞായറാഴ്ചകളിലും
ഉച്ചയ്ക്ക് 2 മണി മുതൽ വെള്ളിയാഴ്ച രാവിലെ വരെ.

പോട്ട ആശ്രമം
ഫോൺ: 0480 2709324, 2708714, 9947853010
ജൂലൈ 5-9, 19-23 ആന്തരികസൗഖ്യധ്യാനം

പരിത്രാണ ധ്യാനകേന്ദ്രം, അടിച്ചിറ, കോട്ടയം
ഫോൺ: 0481-2791635,9946470293
ജൂലൈ 7 ജെറിക്കോ പ്രാർത്ഥന,
ജൂലൈ 24-26 ആന്തരികസൗഖ്യ ധ്യാനം

കൃപാലയ ധ്യാനകേന്ദ്രം,കട്ടപ്പന
ഫോൺ: 9562385575, 9745335575
എല്ലാ മാസവും ഒന്നാം ചൊവ്വാഴ്ച ജറീക്കോ പ്രാർത്ഥന
ജൂലൈ 10-13 ദിവ്യകാരുണ്യാനുഭവ ആന്തരികസൗഖ്യ ധ്യാനം

ഡീപോൾ, ധ്യാനാലയം, മീനങ്ങാടി, വയനാട്
ഫോൺ: 7034791022, 8289909951
ആന്തരികസൗഖ്യ വിടുതൽ ശുശ്രൂഷാധ്യാനം
ജൂലൈ 10,11,12 എല്ലാ മാസവും രണ്ടാം ശനിയുൾപ്പെടെ
വെള്ളി, ശനി, ഞായർ ധ്യാനമുണ്ടായിരിക്കും

ഡിപോൾ ധ്യാനകേന്ദ്രം നിലമ്പൂർ ഫോൺ: 9135000043
എല്ലാ വെള്ളിയാഴ്ചകളിലും വചനപ്രഘോഷണവും
സൗഖ്യാരാധനയും (9 am to 1 pm)

ഡിവൈൻ ഡി പോൾ റിട്രീറ്റ് സെന്റർ, തോട്ടകം, വൈക്കം
ഫോൺ: 9447774477
ഏകദിന ധ്യാനശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും(9.30 am to 2.30 pm)

ഏഫാത്താ വിൻസെൻഷ്യൻ പ്രാർത്ഥനാലയം രാമല്ലൂർ, കോതമംഗലം ഫോൺ: 9074594014
ഏകദിന സായാഹ്ന ബൈബിൾ കൺവെൻഷൻ
എല്ലാ ബുധനാഴ്ചകളിലും 4 PM മുതൽ - 8 PM വരെ.
അഖണ്ഡജപമാലയും ജെറീക്കോ പ്രാർത്ഥനയും
മാസാദ്യ ബുധനാഴ്ച: 9 AM മുതൽ - 8 PM വരെ.
പകൽ ആരാധനയും നിയോഗ പ്രാർത്ഥനയും
എല്ലാ വ്യാഴാഴ്ചകളിലും 2.30 PM മുതൽ -4 PM വരെ.

ജൂബിലി ധ്യാനകേന്ദ്രം, പുതുപ്പാടി, കോഴിക്കോട്
ഫോൺ: 9961805660, 9633141220
എല്ലാ ചൊവ്വാഴ്ചകളിലും 9 am മുതൽ 2 pm വരെ
കരുണാഭിഷേക ബൈബിൾ കൺവെൻഷൻ

ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനുപകരമായി എന്തു കൊടുക്കും?(മത്താ16:26)

ധ്യാനകേന്ദ്രങ്ങളിലെ ശുശ്രൂഷകൾ

അസ്സീസി ധ്യാനമന്ദിരം ഭരണങ്ങാനം
ഫോൺ: 04822238335, 8330884331

ജൂലൈ 3-5 ആബാനുഭവധ്യാനം, ജൂലൈ 9-12 ദമ്പതീധ്യാനം
ജൂലൈ 16-20 പരിശുദ്ധാത്മാഭിഷേകധ്യാനം
ജൂലൈ 30 -ആഗസ്റ്റ് 3- ആന്തരികസൗഖ്യധ്യാനം

എസ്.വി..ഡി. പ്രാർത്ഥനാനികേതൻ, കടുത്തുരുത്തി, കോട്ടയം ഫോൺ: 8594082294, 04829282294

എമ്മാവൂസ് ധ്യാനകേന്ദ്രം, മല്ലപ്പള്ളി ഫോൺ: 9496710479
എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച മുതൽ ചൊവ്വാഴ്ച വരെ
ദിവ്യകാരുണ്യാനുഭവധ്യാനം

ജോർദ്ദാനിയ ധ്യാനമന്ദിരം,നെടുപുഴ,തൃശൂർ
ഫോൺ: 9656512686

ആബാ ധ്യാനകേന്ദ്രം, ചേറൂർ, തൃശൂർ അതിരൂപത
ഫോൺ: 9544408833
ജൂലൈ 10-12 ആത്മവിശുദ്ധീകരണധ്യാനം

ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് മുളയം, തൃശൂർ
ഫോൺ: 9744442592, 9497824488
എല്ലാമാസവും ഒന്നാം തീയതി മുതൽ 9 -ാം തീയതിവരെ
ലഹരി വിമോചന ക്യാമ്പ് (Family Wellness Programme)

മറിയം ത്രേസ്യ ഫാമിലി റിന്യൂവൽ സെന്റർ, കുഴിക്കാട്ടുശേരി
ഫോൺ: 0480-2787024, 9400437179, 9400437179
ജൂലൈ 10-12 ദമ്പതിധ്യാനം

നസ്രത്ത് കുടുംബധ്യാനകേന്ദ്രം കറുകുറ്റി
ഫോൺ: 9037344994, 8943273027
ജൂലൈ 9- 12കുടുംബധ്യാനം
ജൂലൈ 23-26 കുടുംബധ്യാനം

ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രം, കുടക്കച്ചിറ
ഫോൺ: 0482 2241214, 7479180110
ജൂലൈ 31 -ആഗസ്റ്റ് 2 തിരുരക്താഭിഷേകധ്യാനം

ചാവറ ധ്യാനകേന്ദ്രം, പരപ്പ് , കട്ടപ്പന
ഫോൺ: 9497321466, 9744933997
എല്ലാ മാസവും ആദ്യ വെള്ളി 5 pm -ചൊവ്വ 10 pm വരെ

സെന്റ് നോർബർട്ട് ധ്യാനകേന്ദ്രം,കല്ലംകുളം, പഴയന്നൂർ
ഫോൺ: 9834957054, 7378801607
എല്ലാമാസവും രണ്ടാം വെള്ളിയാഴ്ച 4 pm മുതൽ ഞായറാഴ്ച വൈകുന്നേരം 4.30 pm വരെ ജീവിതവി ശുദ്ധീകരണധ്യാനം; മംഗളവാർത്ത ധ്യാനടീമിന്റെ ആന്തരീകസൗഖ്യ ധ്യാനം - എല്ലാ മാസവും മൂന്നാം വെള്ളി 4 pm മുതൽ ഞായറാഴ്ച വൈകുന്നേരം 4.30 pm വരെ (Phone 9388552935, 8907711410)

ഗുഡ്ന്യൂസ് ധ്യാനകേന്ദ്രം, പാമ്പാടി, കോട്ടയം
ഫോൺ: 9400294288, 9497870120
ജൂലൈ 2-5 തപസ്യധ്യാനം, , ജൂലൈ 9-12 Heal 24,
ജൂലൈ 26-30 വചനാഭിഷേകധ്യാനം

താബോർ ധ്യാകേന്ദ്രം, ഏഴുമുട്ടം
ഫോൺ: 9447824554, 04862262167
ജൂലൈ 5-10 ആന്തരികസൗഖ്യധ്യാനം
ജൂലൈ 26-31 ആന്തരികസൗഖ്യധ്യാനം

പാക്സ് സെന്റർ, ആലുവ
ഫോൺ: 7592031825, 0484 2624081
ജൂലൈ 26-31 സിസ്റ്റേഴ്സിനുള്ള ധ്യാനം

വിമലഹൃദയ ധ്യാനകേന്ദ്രം, കമ്പിവിള, കൊട്ടിയം
ഫോൺ: 9947634071, 9400767199
കുട്ടികൾക്കുള്ള കൂട്ടായ്മ : രണ്ടാം ശനി 9.30 മുതൽ 2 മണി വരെ
ഏകദിന ധ്യാനം : എല്ലാ മൂന്നാം ശനി

സീനായ് ധ്യാനകേന്ദ്രം, മുണ്ടൂർ പാലക്കാട്
ഫോൺ: 8547393133, 8593990133

മോറിയ റിന്യൂവൽ സെന്റർ വെൻമണി
ഫോൺ: 8301072475, 8281676759
എല്ലാ ശനിയാഴ്ചകളിലും 9 മുതൽ 1.30 pm വരെ ധ്യാനം
എല്ലാ മാസാവസാന ശനിയാഴ്ചകളിലും കുട്ടികളുടെ ധ്യാനം

ഇമ്മാനുവേൽ ധ്യാനകേന്ദ്രം. കാഞ്ഞിരിപ്പള്ളി രൂപത
ഫോൺ: 9605437377, 9037209199
ലഹരി വിമോചന കുടുംബനവീകരണധ്യാനം എല്ലാ മാസവും 10 മുതൽ 17 വരെ.

ഗുഡ് ഷേപ്പേർഡ് ധ്യാനകേന്ദ്രം, വടക്കാഞ്ചേരി റോഡ്, കുന്നംകുളംഫോൺ: 7025777272

ഗ്രേയ്സ് ഓഫ് ഹെവൻ ധ്യാനകേന്ദ്രം, കുണ്ടുകാട്, തൃശൂർ
ഫോൺ: 8301914737, 8301914649
ഏകദിന ബൈബിൾ കൺവെൻഷൻ (എല്ലാ ശനിയാഴ്ചകളിലും)

വിമലഗിരി കപ്പൂച്ചിൻ ധ്യനകേന്ദ്രം പട്ടാരം, കണ്ണൂർ
ഫോൺ: 9745017131
ജൂലൈ 11-14 ആന്തരികസൗഖ്യധ്യാനം
ജൂലൈ 18-22 ആന്തരികസൗഖ്യധ്യാനം
ജൂലൈ 25-28 ആന്തരികസൗഖ്യധ്യാനം

ദർശന റിട്രീറ്റ് സെന്ററർ, ഇല്ലിത്തോട്, മലയാറ്റൂർ
ഫോൺ: 9961700996, 9605778215, 0484 2468333

റോസറി ഹിൽ ആശ്രമം കൊടുങ്ങ, വെള്ളികുളങ്ങര
ഫോൺ: 9605145856, 9778323496
എല്ലാ മൂന്നാം വെള്ളിയാഴ്ച 3 pm മുതൽ ഞായർ 2 pm വരെ
പരിശുദ്ധാത്മാഭിഷേക വിടുതൽ ധ്യാനം

ആത്മജ്യോതി റിട്രീറ്റ് സെന്റർ, പട്ടിക്കാട് തൃശൂർ ഫോൺ: 9447290177
ജൂലൈ 12-14 ആന്തരികസൗഖ്യധ്യാനം

സെന്റ് മേരീസ് ധ്യാനകേന്ദ്രം പഴുവിൽ (തൃശൂർ അതിരൂപത)
ഫോൺ: 8289808506, 9746271942

ഗദ്സെമൻ റിട്രീറ്റ് സെന്റർ, കോഴിക്കോട് ഫോൺ: 8921285127

സെന്റ് മേരീസ് ധ്യാനകേന്ദ്രം, ചാത്തങ്കോട്ട് നട, കുറ്റ്യാടി
ഫോൺ: 8921219668
ജൂലൈ 26-30 ദിവ്യകാരുണ്യ ആന്തരീകസൗഖ്യഅഭിഷേകധ്യാനം

സ്നേഹശുശ്രൂഷാലയം, ചിറ്റൂർ എറണാകുളം
ഫോൺ: 9446040508, 8606740508

ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകൾ പ്രസിദ്ധീകരിക്കാൻ
ബന്ധപ്പെടുക : Ph: 9496862640, 0480-2708314, 9447696622
NB: ഒരു മാസം മുൻകൂട്ടി അറിയിക്കുന്ന തിയ്യതികളെ
പ്രസിദ്ധീകരിക്കാൻ സാധിക്കൂ

ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. പേരുചൊല്ലി വിളിച്ചിരിക്കുന്നു.
നീ എന്റേതാണ് (ഏശ. 43:1).

കൊട്ടിക്കലാശം

ജർമ്മനിയിലെ ഒരു ഗ്രാമപ്രദേശത്ത് സംഭവിച്ച ഒരു കാര്യമാണ്. ഡയാന എന്ന ഒരു പെൺകുട്ടി അവളുടെ സ്കൂൾ വിദ്യാഭ്യാസമൊക്കെ കഴിഞ്ഞ് ഉപരി പഠനത്തിനായി ദൂരദേശത്തുള്ള ഒരു കോളേജിൽ ചേർന്നു. കോളേജ് ദൂരെ ആയതുകൊണ്ട് ഹോസ്റ്റലിൽ നിന്ന് പഠിക്കുകയേ തരമുള്ളൂ. ആദ്യത്തെ അവധിക്ക് ഡയാന വീട്ടിൽ വന്നിരിക്കുന്ന സമയം, പഴയ കൂട്ടുകാരെയൊക്കെ കാണണം എന്ന് കരുതി അവൾ അവരുടെ വീടുകളിൽ പോയി. കുറേ നാളായല്ലോ കണ്ടിട്ട് അതിനാൽ സംസാരിച്ചിരുന്നു സമയം പോയതറിഞ്ഞില്ല. വൈകിയാണെങ്കിലും ഡയാന തിരികെ പൊന്നു. കാരണം അവൾ അന്നുതന്നെ വീട്ടിൽ തിരിച്ചെത്തുമെന്ന് പറഞ്ഞാണ് കൂട്ടുകാരെ കാണാനിറങ്ങിയത്.

അവളുടെ വീട്ടിലേക്ക് പൊതു വഴിയിൽ നിന്ന് കുറച്ചു ദൂരമുണ്ട്, അതാവട്ടെ അത്ര പന്തിയുള്ള വഴിയുമല്ല. നേരം ഇരുട്ടിയതിനാൽ അവൾക്ക് വല്ലാത്ത ഭയം തോന്നി. അവിടെ വച്ച് പലർക്കും പല അനർത്ഥങ്ങളും സംഭവിച്ചിട്ടുള്ള കാര്യം അവൾക്കറിയാം. കള്ളന്മാർ പതിയിരിക്കുന്ന ഒരു ഊടുവഴിയാണത്. പെട്ടന്ന് അവൾക്കു ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പ്രാർത്ഥിക്കാൻ അവളുടെ അമ്മ പഠിപ്പിച്ച ഒരു പ്രാർത്ഥന ഓർമ്മയിൽ വന്നു. ഭയം അവളെ വിട്ടുമാറി. യേശുവിനോട് പ്രാർത്ഥിച്ചുകൊണ്ട് അവൾ ധൈര്യസമേതം മുന്നോട്ട് നടന്നു. എന്നാൽ പ്രാർത്ഥനകൊണ്ടും ഒരു ഫലവുമില്ലെന്നു തെളിയിക്കുമാറ് ആ ഇടുങ്ങിയ വഴിയുടെ നടുവിലായി ഒരാൾ നിൽക്കുന്നത് അവൾ കണ്ടു. വളരെ ഉയരവും വണ്ണവുമുള്ള ഒരാൾ ഒറ്റനോട്ടത്തിൽ ആർക്കും മനസ്സിലാവും കൊള്ളക്കാരൻ തന്നെ. അവൾക്കുറപ്പായി ഇയാൾ തന്നെ ഉപദ്രവിക്കുകയും പിടിച്ചുപറിക്കുകയും ചെയ്യും. പക്ഷേ പ്രാർത്ഥിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല അവൾക്ക്. അവൾ യേശുവിൽ വിശ്വസിച്ചും പ്രാർത്ഥനയിൽ ആശ്രയിച്ചും ഇടംവലം നോക്കാതെ വേഗത്തിൽ നടന്നു. ഭാഗ്യമെന്നല്ലാതെ എന്തു പറയാൻ ആ ഭീകരൻ അവൾക്കു വഴിമാറിക്കൊടുക്കുന്നതുപോലെ അവൾക്ക് പോകാനായി വഴിയുടെ ഒരു വശത്തേക്ക് മാറിക്കൊടുത്തു. ഡയാന വീട്ടിൽ തിരിച്ചെത്തി നടന്ന കാര്യങ്ങളെല്ലാം വീട്ടുകാരോട് പറഞ്ഞു അത്താഴം കഴിച്ചു ദൈവത്തിനു നന്ദി പറഞ്ഞു കിടന്നുറങ്ങി.

പിറ്റേന്ന് രാവിലെ അവിടെ ഒരു വാർത്ത പരന്നു. ഡയാന ഭയന്ന വഴിയിൽ അവൾ കടന്നു പോന്നതിനു ശേഷം മണിക്കൂറികൾക്കകം മറ്റൊരു പെൺകുട്ടി ഉപദ്രവിക്കപ്പെട്ടു എന്നതായിരുന്നു ആ വാർത്ത. അതറിഞ്ഞ ഡയാന പോലീസ് സ്റ്റേഷനിൽ ചെന്ന് ഇന്നലെ നടന്ന കാര്യങ്ങൾ പറഞ്ഞു, പോലീസിന് പ്രതിയെ പിടികൂടാനുള്ള എളുപ്പത്തിന് വേണ്ടിയായിരുന്നു അത്. അധികം താമസിയാതെ പോലീസ് പ്രതിയെ പിടികൂടി സ്റ്റേഷനിൽ എത്തിച്ചു, അവൾ ഇന്നലെ കണ്ട അതേ മനുഷ്യൻ! തെളിവെടുപ്പിന്റെ ഭാഗമായി പോലീസ് അവളെ അയാളുമായി സംസാരിക്കാൻ അനുവദിച്ചു. അവൾ അയാളോട് ചോദിച്ചു, ഇന്നലെ എന്നെ കണ്ടപ്പോൾ ഉപദ്രവിക്കാതെ വഴിമാറി തന്നത് എന്തുകൊണ്ടാണ്. അപ്പോൾ അയാൾ പറഞ്ഞു അതിന് നീ ഒറ്റക്കായിരുന്നില്ലല്ലോ ഇരുവശങ്ങളിലും അംഗരക്ഷകർ ഉണ്ടായിരുന്നില്ലേ!?

പ്രിയ വായനക്കാരെ ദൈവം അയാൾക്ക് കൊടുത്ത ഒരു തോന്നിപ്പാണത്. ദൈവത്തിൽ ആത്മാർത്ഥമായി ശരണപ്പെടുന്നവരോട് ശത്രുക്കൾക്ക് ഭയം കൊടുത്ത് തന്റെ പ്രിയപ്പെട്ടവരെ സംരക്ഷിക്കുന്ന ദൈവം! പ്രതിസന്ധികളിൽ പ്രാർത്ഥിക്കാൻ മറക്കണ്ട.

വചനോത്സവത്തിന്റെ പ്രേഷിതരാകാൻ

യേശു നിങ്ങളെയും വിളിക്കുന്നു

നിങ്ങളുടെ വരുമാനത്തിന്റെ ഒരു വിഹിതം നീക്കിവച്ച് വചനോത്സവം വാങ്ങി മറ്റുള്ളവർക്ക് നല്കുക. പണം മുടക്കി വാങ്ങാൻ കഴിയുന്നവരെ വരിക്കാരായി ചേർക്കുക.



വരിസംഖ്യ നിരക്ക്

ഒറ്റപ്രതി	₹ 12
ഒരു വർഷത്തേക്ക്	₹ 140
3 വർഷത്തേക്ക് (ഇന്ത്യയിൽ മാത്രം)	₹ 420
വിദേശത്തേക്ക് (ഒരുവർഷം)	₹ 1500

10 മുതൽ 49 വരെയുള്ള കോപ്പികൾക്ക് 11 രൂപ, 50 നു മുകളിൽ 10 രൂപ

പണമിടപാടുകൾക്ക് QRCode ഉപയോഗപ്പെടുത്തുക. പണമടച്ചശേഷം അറിയിക്കാൻ (Phone/sms/WhatsApp 9447696622) മറക്കരുത്.

വരിസംഖ്യ അടയ്ക്കുന്നതിനായി ചാലക്കുടിയിൽ മാറാനാവുംവിധം **DD/ Cheque/ M.O, Manager Vachanolsavam** എന്ന പേരിൽ അയയ്ക്കുക. ബാങ്കുവഴി പണമടയ്ക്കാൻ താഴെ കാണുന്ന അക്കൗണ്ട് ഉപയോഗിക്കുക. പണമടച്ചശേഷം ഫോൺ / SMS/WhatsApp (9447696622) വഴി അന്നുതന്നെ അറിയിക്കുക.

Manager, Vachanolsavam Potta - 680 722,
Chalakudy, Thrissur Dt., Kerala

Account Name: Vachanolsavam
South Indian Bank Chalakudy
Account Number: 0012053000006879
IFSC: SIBL0000012

വായിക്കുക, വരിക്കാരാവുക, പ്രചരിപ്പിക്കുക

അടുത്ത ലക്കം മുതൽ ആരംഭിക്കുന്നു...

പാട്ടു വന്ന വഴി

ക്രിസ്തീയ ഭക്തി ഗാനങ്ങളിലൂടെ അനേകരെ ദൈവസ്നേഹ തീരത്തെത്തിച്ച മാന്ത്രിക രചനകളുടെ പിന്നിലെ പ്രമുഖർ തങ്ങളുടെ പാട്ടനുഭവങ്ങൾ പങ്കുവയ്ക്കുന്ന പംക്തി.



ആഗസ്റ്റ് ലക്കത്തിൽ ഫാ. മൈക്കിൾ പനച്ചിക്കൽ വി.സി. 'തിരുനാമകീർത്തനം' വന്ന വഴിയുമായി എത്തുന്നു....

VACHANOLSAVAM
LANGUAGE: MALAYALAM MONTHLY POSTAL
REGISTERED. NO. KL/EKM/212/2024-26

R.N.I. No. 44576/1986/ UNDER GOVT. OF INDIA, VOL- 41 /
ISSUE - 346 / JULY 2026 / PAGES 36 / Price ₹12.00
(Date of Publication 18-06-2026)

നെല്ലും പതിരും തിരിച്ചറിയാനാവാതെ നവമാധ്യമ ലോകത്ത് കുടുങ്ങിപ്പോയവർക്ക് വിടുതൽ

വചനോത്സവ ധ്യാനം

സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ. 8 : 32)



നയിക്കുന്നത്



ഫാ. ജേക്കബ്
കാട്ടിപറമ്പിൽ വി സി



ഫാ. ഷിന്റോ
മംഗലത്ത് വി സി



ഫാ. ജോസഫ്
കൈപ്പടകുന്നേൽ വി സി



ഫാ. പ്രിൻസ്
മാഞ്ഞൂരാൻ വി സി

നാം ഇനിമേൽ തെറ്റിന്റെ വഞ്ചനയിൽപ്പെടുത്താൻ മനുഷ്യർ കൗശല പൂർവം നൽകുന്ന വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ആടിയുലയുകയും തുത്തെറിയപ്പെടുകയും ചെയ്യുന്ന ശിശുക്കളാകരുത് (എഫേസോസ് 4 : 14)

കുടുംബ ബന്ധങ്ങളെ വിമലീകരിക്കുന്ന പ്രബോധനങ്ങൾ.
പുതു തലമുറയെ ദൈവാരാധനക്കൊരുക്കുന്ന ശുശ്രൂഷകൾ.
ഇടവക സമൂഹത്തെ ആത്മാവിൽ ജ്വലിപ്പിക്കുന്ന ആരാധനകൾ

ധ്യാനം ബുക്ക് ചെയ്യാൻ : 9495148484, 7034885003

Printed and Published by Fr.Georgekutty Thayyanattuvely on behalf of
Fr. Michael Panachickel V.C. and Printed at Divine Printers and Publishers Muringoor P.O,
Chalakudy 680 309 and Published from Vincentian Trust of Vachanolsavam
Edappally, Cochin 682 024. Editor Fr. Joseph Edattu.